

ഗുരുണാ പ്രേഷിതാ വയം..

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2019 നവംബർ-ഡിസംബർ, വാല്യം :17 - ലക്കം : 1

എല്ലാ വായനക്കാർക്കും
ബ്രഹ്മശ്രീയുടെ
നവവത്സരാശംസകൾ
2020



## തസ്മൈ ശ്രീ ഗുരവേ നമഃ

**അഭിവാദയേ...**

ജ്ഞാനപീഠ പുരസ്കൃതനായ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയെ മലയാള ബ്രാഹ്മണ സമാജം കേന്ദ്ര ഭാരവാഹികളും പ്രവർത്തകരും ചേർന്ന് ഡിസംബർ 7 ന് അദ്ദേഹത്തിന്റെ ഇല്ലത്തു ചെന്ന് നമസ്കരിക്കുകയും സമാജത്തിന്റെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു.

പൊന്നാടയും അഭിനന്ദന ഫലകവും സമാജത്തിന്റെ പ്രത്യേക ഉപഹാരവും ബ്രഹ്മശ്രീ വാർഷികപ്പതിപ്പും അദ്ദേഹത്തിന് സമർപ്പിച്ചു.

എല്ലാ സമാജാംഗങ്ങൾക്കും അക്കിത്തം മംഗളം ആശംസിച്ചു.



## വേളി

### അരവിന്ദ് & അർച്ചന

മണർകാട് താന്നിയിൽ ഇല്ലത്ത് ശ്രീകുമാര ശർമ്മയുടെയും ശ്യാമളാദേവിയുടെയും പുത്രൻ അരവിന്ദും പെരുമ്പാവൂർ ഞെരിഞ്ഞാമ്പള്ളിൽ ഇല്ലത്ത് ബാബുദേവിന്റെയും ഉഷാദേവിയുടെയും മകൾ അർച്ചനയും തമ്മിലുള്ള വേളി 2019 നവംബർ 9-ാം തീയതി മണർകാട് ശ്രീഭഗവതീ ക്ഷേത്രസന്നിധിയിൽ വച്ച് നടന്നു.

2019 നവംബർ–ഡിസംബർ : വാല്യം 17 – ലക്കം 1


# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം

ദ്വൈമാസിക


ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്


## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം– 686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം– 686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ– 680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം– 682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ– 679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ– 688 524, ഫോൺ : 94976 34008

**ഡോ. കെ.എൻ.ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ– 686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. – 686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം– 682 306, ഫോൺ : 94475 66168



Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**


സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് പറയേണ്ടതുപോലെ പറഞ്ഞില്ലെങ്കിൽ പാപമാകും.

സംഘടനാപ്രവർത്തനത്തെക്കുറിച്ചാണ് .

ഒരു സംഘടനയിൽ പ്രവർത്തിയ്ക്കുന്ന എല്ലാവരും ആഭ്യന്തരവും ബാഹ്യവുമായ എല്ലാ കാര്യങ്ങളിലും ഒരേ അഭിപ്രായമുള്ളവരായിരിക്കണമെന്നില്ല. പക്ഷേ ലക്ഷ്യം ഒന്നാവണം. ആ ഒരു ലക്ഷ്യത്തിനു വേണ്ടി വിവിധ ആശയങ്ങളും അഭിപ്രായങ്ങളുമുള്ള മനുഷ്യർ ഒരുമിച്ച് പ്രവർത്തിയ്ക്കുന്നതാണ് ഒരു സംഘടനയുടെ അടിസ്ഥാന പ്രവർത്തന പരിപാടി. ചുരുക്കത്തിൽ സംഘടനാലക്ഷ്യത്തിലൂടെ സാക്ഷാത്കരിയ്ക്കപ്പെടേണ്ട ഭൗതികവും ആത്മീയവുമായ സാമൂഹ്യ പുരോഗതി ആവണം ഓരോ പ്രവർത്തകന്റെയും നിലപാടുതറ .

വേറൊരുതരത്തിൽ പറഞ്ഞാൽ സ്വന്തം അധികാര്യമോഹത്തിനും അൽപ്പത്തത്തിൽ കിളിർത്ത ആഗ്രഹങ്ങൾക്കും നിസ്സാരകാര്യങ്ങളിൽ തുടങ്ങിയ വ്യക്തി വിരോധത്തിനും 'ഈഗോ ' എന്ന് വിളിയ്ക്കുന്ന അഹങ്കാര ഭാവങ്ങൾക്കും അടിമയായി താൻ പ്രവർത്തിച്ചുകൊണ്ടിരുന്ന അല്ലെങ്കിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയെ ദുർബലപ്പെടുത്താൻ സാധാരണപ്രവർത്തകർ പോകട്ടെ ഭാരവാഹികൾ തന്നെ തുനിഞ്ഞിറങ്ങിയാൽ അവരുടെ നിലപാടുകളുടെ പൊള്ളത്തരം വളരെ വ്യക്തമല്ലേ . ഈ ലോകവും സംഘടനയും ഒക്കെ സ്വന്തം സ്വാർത്ഥതാത്പര്യങ്ങളെ പൂർത്തീകരിയ്ക്കാനുള്ള ഉപകരണങ്ങൾ മാത്രമാണിവർക്ക്!!

ആരോടും ഒന്നിനോടും ഒരു പ്രതിബദ്ധതയുമില്ലെന്നർത്ഥം......

അടുത്ത പേജിൽ ...


***ഉപദേശകസമിതി***
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി.മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ്മ**



Layout & Printing
S.N.Nampoothiri, Essence Creations, Kottayam




സന്തതമിണങ്ങി വാണീടുകിൽ പാർപ്പാ–
നെന്തൊരു മനോജ്ഞമാം കുടുംബമിബ്ഭൂലോകം.

ഇതിവിടെ പറയാൻ കാര്യം, വാർഷികപ്പതിപ്പായി പ്രസിദ്ധീകരിച്ച ബ്രഹ്മശ്രീയുടെ കഴിഞ്ഞ ലക്കം ചില ശാഖകളിലെങ്കിലും പത്രാധിപ സമിതിയ്ക്ക് ശാഖാ ഭാരവാഹികളിലൂടെയല്ലാതെ നേരിട്ട് വിതരണം ചെയ്യേണ്ട അവസ്ഥ ഉണ്ടായി എന്നതാണ്.

പ്രവർത്തകർക്കോ ഭാരവാഹികൾക്കോ പല കാര്യങ്ങളിലും പരസ്പരമോ നേതൃത്വവുമായോ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. ഒന്നോർത്താൽ ഈ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ അല്ലെങ്കിൽ അഭിപ്രായവ്യത്യാസങ്ങൾ സംഘടനയ്ക്ക് ആത്യന്തികമായി ഗുണപ്രദവുമായേക്കാം. എല്ലാവർക്കും ഒരേ ആശയങ്ങളും കാഴ്ചപ്പാടുകളും ആണെങ്കിൽ പിന്നെ എവിടെയാണ് വളർച്ചയ്ക്ക് സാദ്ധ്യതകൾ!!

പക്ഷേ ................

അഭിപ്രായവ്യതാസങ്ങളും വ്യക്തി താത്പര്യങ്ങളും സംഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങളെ തകർത്തുകൊണ്ട് ഛിദ്ര പ്രവണതകളാണ് കാണിയ്ക്കുന്നതെങ്കിൽ മുറിച്ചു മാറ്റേണ്ടവ മുറിച്ചു മാറ്റുക തന്നെ വേണം.

സംഘടനാതീതമായ നിലനിൽപ്പ് സംഘടനയ്ക്കുള്ളിൽ ഒരു വ്യക്തിയും പ്രതീക്ഷിക്കേണ്ടതില്ല......

താൻ പ്രവർത്തിച്ച്, സ്നേഹിച്ച്, വളർത്തി വലുതാക്കിയ ഒരു പ്രസ്ഥാനത്തെ എങ്ങിനെയാണ് ഒരു സുപ്രഭാതത്തിൽ ഒരാൾക്ക് ദുർബലപ്പെടുത്തുവാൻ സാധിയ്ക്കുക. ഇത് വിരൽചൂണ്ടുന്നത് താൻ പോലും അറിയാതെ തന്റെയുള്ളിൽ വളർന്നിരുന്ന സ്വാർത്ഥതയുടെ വിഷശൃംഗത്തിലേയ്ക്കാണെന്ന് തിരിച്ചറിയുക.

ആത്മാർത്ഥതയും നേതൃത്വഗുണവും സംഘടനാബോധവും ഒരു കുത്തിവെയ്പ്പിലൂടെനേടാനാവില്ല!!

മലയാള ബ്രാഹ്മണ സമാജത്തിനുവേണ്ടി പണ്ട് പ്രവർത്തിച്ചിരുന്നവരും ഇന്ന് പ്രവർത്തിക്കുന്നവരും ഈ മഹത്തായ പൈതൃകത്തിന്റെ നിലനിൽപിനും പരിപോഷണത്തിനും വേണ്ടി തനിക്കു ഭഗവദനുഗ്രഹത്താൽ പ്രവർത്തിക്കാൻ കഴിഞ്ഞല്ലോ എന്ന ചാരിതാർത്ഥ്യമല്ലാതെ മറ്റൊന്നും നേടിയിട്ടില്ല, നേടാനാഗ്രഹിച്ചിട്ടും ഉണ്ടാവില്ല. സമയനഷ്ടവും ധനനഷ്ടവും അവർക്കെല്ലാം ഉണ്ടായിട്ടുണ്ട്, ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട് .

പിന്നെയെന്തു നേടാനാണ് ഈ മർക്കടത്തവും മർക്കടമുഷ്ടിയും ........??!!

പുലികളും സിംഹങ്ങളുമാവാനല്ല സാത്വികരാവാനാകട്ടെ വിഗ്രഹത്തിൽ അർച്ചിക്കുന്ന ഓരോ പുഷ്പത്തോടൊപ്പവും നമ്മുടെ പ്രാർത്ഥന!

പരിഹരിയ്ക്കാനാവാത്ത പ്രശ്നങ്ങളുണ്ടെന്നു തോന്നുന്നവർ, യോജിച്ചു പോകാൻ ബുദ്ധിമുട്ടാണെന്ന് കരുതുന്നവർ, സന്തോഷപൂർവം സംഘടനയെ അതിന്റെ പാട്ടിനു വിട്ടിട്ട് മാറി നിൽക്കാനുള്ള സന്മനസ്സ് കാണിയ്ക്കുക.

കാലം മായ്ക്കാത്ത മുറിവുകളില്ല.....

ആരെങ്കിലും മാറി നിന്നതുകൊണ്ട് ലോകത്തൊരു സംഘടനയ്ക്കും ഒന്നും സംഭവിച്ചതായി ചരിത്രമില്ല.....

നമുക്കൊക്കെ ഇത്രയേ പ്രാധാന്യമുള്ളൂ ഈ ബ്രഹ്മാണ്ഡ കടാഹത്തിൽ എന്ന് മനസ്സിലാക്കാനുള്ള വിനയമുണ്ടാകണം !!

ഇത്രയും എഴുതിയപ്പോൾ ഇത് ആരെയെങ്കിലും ഉദ്ദേശിച്ചാണ് എന്ന് ആർക്കെങ്കിലും തോന്നിയെങ്കിൽ ശരിയാണ്. ഇത് നിങ്ങളെ ഉദ്ദേശിച്ചു തന്നെയാണ് എഴുതിയത്.

ആർക്കെങ്കിലും കുറ്റബോധമോ വേദനയോ ഇത് വായിച്ച ഉണ്ടാകുന്നു എങ്കിൽ അത് തന്നെയാണ് ഇതിന്റെ ലക്ഷ്യവും.

'മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശ ശുദ്ധിയ്ക്ക് മാപ്പു നൽകേണമേ '

എന്നുമാത്രം.

ഹരി
**പത്രാധിപർ**

## മാറ്റൊലി

വാർഷികപ്പതിപ്പിലെ വിഭവങ്ങൾ സുന്ദരവും ആലോചനാമൃതവും ആയിരുന്നു. തുടക്കം മുതൽ അവസാനം വരെ ഓരോ പേജും ഒന്നിനൊന്നു മെച്ചമായി.

ലേഖനങ്ങൾക്ക് പ്രാധാന്യം നൽകിയ ഈ പതിപ്പ് അറിവ് പകരുന്നതും ജീവിതത്തെക്കുറിച്ചു പുതിയ പുതിയ ഉൾക്കാഴ്ചകൾ നൽകുന്നതുമായിരുന്നു . ആദ്യം മുതൽ അവസാനം വരെ ശ്രദ്ധിച്ചു വായിക്കുന്നവർക്ക് വിജ്ഞാനത്തിന്റെ വാതായനങ്ങൾ ഓരോ പേജും തുറന്നിടുന്നു.

ബ്രഹ്മണ്യത്തെക്കുറിച്ചുള്ള സംവാദം, ആ മേഖലയിൽ പരിജ്ഞാനമുള്ള വരേണ്യർ എഴുതിയ ഇതിഹാസമായി. അത് ആഴമേറിയതും ചിന്തോദ്ദീപകവും കാലഘട്ടത്തിനു അനുയോജ്യവുമായി. ബ്രാഹ്മണ്യത്തിനു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തിൽ നിന്ന് ഈ ലോകത്തിനു വെളിച്ചമായ ചിന്താധാരയെ രക്ഷിക്കാൻ നാമോരോരുത്തരും കടപ്പെട്ടവരാണ്. ഹൃദ്യയുടെ ചിത്രം മുതൽ എസ്സൻെറ മനസ്സ് വരെ വാർഷികപ്പതിപ്പ് അത്യന്തം ഹൃദ്യമായി. ഈ ഗ്രാഫ് ഇനിയും മുകളിലേക്ക് ഉയർന്നു പോകട്ടെ.

**എ . കെ. എൻ . ഇളയത്,**
*കുറുവേലിൽ ഇല്ലം ( പ്രശാന്തി) ചെമ്മനത്തുകര,*



ദുഷ്ടു കിടക്കെ വരട്ടും വ്രണമതു
പൊട്ടും പിന്നെയുമൊരുകാലത്തിൽ

# ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം

**ഡോ.സി.റ്റി. ഫ്രാൻസീസ്**
ശ്രീരാമകൃഷ്ണ ആദർശ സംസ്കൃത കോളേജ്
അരുണാപുരം പാല
**04862 228377**

അടുത്ത കാലത്ത് വളരെ ദൗർഭാഗ്യകരങ്ങളായ വിമർശനങ്ങൾക്ക് വിധേയമാക്കപ്പെട്ട ഒരു മഹാമന്ത്രത്തിന്റെ മൂന്നാം പാദമാണ് മേൽപ്പറഞ്ഞത്. വാത്മീകിരാമായണം പാരായണം ചെയ്ത് അവസാനിപ്പിക്കുമ്പോൾ പാരായണത്തിന്റെ മംഗളകരമായ പരിസമാപ്തിക്കായി ചൊല്ലുവാൻ വിധിച്ചിട്ടുള്ള ശ്ലോകങ്ങളിലൊന്നാണിത്. ഇതിന്റെ പൂർണ്ണരൂപം.

സ്വസ്തിപ്രജാഭ്യഃ പരിപാലയന്താം
ന്യായ്യേണ മാർഗ്ഗേണ മഹീം മഹീശാഃ
ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
എന്നാണല്ലോ.

ഒരു സർവ്വകലാശാലയിൽ, ഒരു പി.എച്ച്.ഡി. തീസിസിന്റെ ഓപ്പൺ ഡിഫൻസിനായി മറ്റൊരു സർവ്വകലാശാലയിൽ നിന്നും വന്ന ഒരു വലിയ വ്യക്തി ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്നത് അത്ര വലിയ മന്ത്രമൊന്നുമല്ലെന്ന് വിദ്യാർത്ഥികളോട് പരസ്യമായി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിന്റെ രത്നച്ചുരുക്കം ഇപ്രകാരമാണ്. ലോകാഃ സമസ്താഃ സുഖിനോ ഭവന്തു എന്നത് അത്ര വലിയ മഹത്തായ മന്ത്രമൊന്നുമല്ല. കാരണം ആ വാക്യത്തിന്റെ ഒരുപടി മുകളിലേയ്ക്ക് കയറി നോക്കിയാൽ കാണുന്നത് ഗോ ബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം എന്നാണല്ലോ. അപ്പോൾ ഗോവിന്നും ബ്രാഹ്മണന്നും സുഖമായാൽ ലോകത്തിന് മുഴുവൻ സുഖമായി എന്നാണ് ആ മന്ത്രത്തിനർത്ഥം. അവിടെ ഉണ്ടായിരുന്നവരിൽ എല്ലാവരും അത് അംഗീകരിച്ചില്ലെങ്കിലും സമസ്തലോകത്തിനും സൗഖ്യമാശംസിക്കുന്ന ഭാരതീയ സംസ്കാരത്തിന് മുകളിലേൽപ്പിക്കപ്പെട്ട വലിയൊരാഘാതം തന്നെയായിരുന്നു അത്. ഭാരതീയ സംസ്കാരം ഇപ്രകാരമുള്ള വെല്ലുവിളികൾ നേരിടുന്ന ഈ സന്ദർഭത്തിൽ ഇങ്ങനെയുള്ള മഹാമന്ത്രങ്ങളുടെ അർത്ഥം നാമൊരു പരിചിന്തനത്തിന് വിധേയമാക്കേണ്ടതല്ലേ.

ഈ മന്ത്രത്തിന്റെ ആദ്യപാദത്തിൽ പറയുന്നത് സ്വസ്തിപ്രജാഭ്യഃ എന്നാണ്. അതിൽ പ്രജാഭ്യഃ എന്ന് ബഹുവചനം പ്രയോഗിച്ചിരിക്കുന്നതിനാൽ എല്ലാ പ്രജകൾക്കും സ്വസ്തി - മംഗളം - ഭവിക്കട്ടെ എന്നേ അർത്ഥം വരൂ. പിന്നെ പറയുന്നത് ന്യായ്യേണ മാർഗ്ഗേണ മഹീശാഃ മഹീം പരിപാലയന്താം എന്നാണ്. അതിന്നർത്ഥം ന്യായ്യം - ന്യായമനുസരിച്ച് സാധുവായ മാർഗ്ഗത്തിലൂടെ രാജാക്കന്മാർ രാജ്യപാലനം നിർവ്വഹിക്കുമാറാകട്ടെ എന്നാണ്. അതിന് ശേഷമാണ് ഗോ ബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം എന്ന് ആശംസിക്കുന്നത്. മേൽപറഞ്ഞ രണ്ടുപാദങ്ങളിലും സമസ്തജനങ്ങൾക്കും വേണ്ടിയുള്ള ശുഭാശംസയാണെന്നത് സ്പഷ്ടമാണല്ലോ.

രാജാക്കന്മാർ ന്യായമായ മാർഗ്ഗത്തിലൂടെ രാജ്യപരിപാലനം നടത്തിയാൽ ക്ഷേമമുണ്ടാകുന്നത് ഒരിക്കലും ഒരു വിഭാഗത്തിന് മാത്രമായിരിക്കില്ലല്ലോ. അപ്പോൾ പിന്നെ ഗോബ്രാഹ്മണേഭ്യഃ ശുഭമസ്തു നിത്യം എന്ന ആശംസയുടെ ശരിയായ അർത്ഥമെന്താണ് നാം ഗ്രഹിക്കേണ്ടത്.

മുകളിൽ പറഞ്ഞ ദൗർഭാഗ്യകരമായ സംഭവം നടന്ന ദിവസം തന്നെ ഞാൻ കോഴിക്കോട് സർവ്വകലാശാലയിൽ സംസ്കൃതവിഭാഗം മേധാവിയായിരുന്ന ഡോ.പി.നാരായണൻ നമ്പൂതിരിയെ വിളിച്ച് സന്ദേഹനിവൃത്തി വരുത്തി. സതീർത്ഥ്യരിൽ ഇളംമുറക്കാരോടുള്ള വാത്സല്യവും സ്വതഃസിദ്ധമായ സൗമ്യപ്രസാദാദി ഗുണങ്ങളും സമഞ്ജസമായി സന്നിവേശിച്ച മറുപടി ഉടൻ ലഭിച്ചു. അദ്ദേഹത്തോട് ഞാൻ സംസാരിച്ചുകൊള്ളാം. തന്റെ കുട്ടികൾക്ക് താൻ പറഞ്ഞുകൊടുത്തില്ലേ. ഗോവും ബ്രാഹ്മണനും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാണ്.

എങ്ങിനെയാണ് ഗോവും ബ്രാഹ്മണനും ഒരു നാണയത്തിന്റെ രണ്ടുവശങ്ങളാവുന്നത്. അൽപമൊന്നു ചിന്തിച്ചാൽ ഇത് സത്യമാണെന്നും ഈ രണ്ടുകൂട്ടരുടേയും ജീവിതം ഒരുപോലെയാണെന്നും ബോധ്യമാകും.

മനുഷ്യന്ന് രണ്ടുവിധത്തിലുള്ള സമ്പത്തുണ്ട്. ഭൗതികവും ആത്മീയവും. അതിൽ ഭൗതിക സമ്പത്താണ് ഗോവ്. ഒരാൾക്ക് എത്ര പശു, ആട് എന്നിങ്ങനെ നോക്കിയാണല്ലോ പഴയകാലത്ത് ഒരാളുടെ സമ്പത്തു നിർണ്ണയിച്ചിരിക്കുന്നത്. അപ്പോൾ ഗോവ് ഭൗതിക സമ്പത്തുതന്നെ. ബ്രാഹ്മണൻ ആത്മീയ സമ്പത്തിന്റെ പ്രതീകവും. തന്റെ ഷഡ്കർമ്മാധികാരമുപയോഗിച്ച് തന്റെ ജീവിതംതന്നെ ലോകസുഖത്തിനായി സമർപ്പിക്കുന്നവനാണ് ബ്രാഹ്മണൻ. ബ്രാഹ്മണന്റെ ഷഡ്കർമ്മാധികാരം ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു.

അദ്ധ്യാപനമദ്ധ്യയനം
യജനം യാജനം തഥാ
ദാനം പ്രതിഗ്രഹശ്ചൈവ
ഷഡ്കർമ്മാണ്യഗ്രജന്മനഃ
(മനുസ്മൃതി 10-76)

വേദാദ്ധ്യയനം, വേദാദ്ധ്യാപനം, യാഗം അനുഷ്ഠിക്കൽ, ദാനം ചെയ്യൽ, ദാനം സ്വീകരിക്കൽ എന്നിങ്ങനെ ആറ് അധികാരങ്ങൾ ഉള്ളവനാണ് ബ്രാഹ്മണൻ.



പരാമർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെ നടത്തീടരുത്

ഈ ആറ് അധികാരങ്ങളും ശരിയായി വിനിയോഗിക്കണമെങ്കിൽ ജീവിതത്തിന്റെ പരിപൂർണ്ണമായ സമർപ്പണവും അതിന്നാവശ്യമാണ്. മേധാസൂക്തത്തിലെ - ത്വയാ ജുഷ്ടാ നുദമാനാ ദുരുക്താൻ ബൃഹദ്വദേവ വിദഥേ സുവീരാഃ - എന്ന പ്രാർത്ഥനയുടെ അർത്ഥം അല്ലയോ മേധാദേവീ ബുദ്ധിദേവതേ നിന്റെ അനുഗ്രഹത്തിന്നു പാത്രീഭൂതരായി ഞങ്ങൾ ദുരുക്തങ്ങളായി ക്ലിഷ്ടാർത്ഥകങ്ങളായി - പറയപ്പെട്ടിരിക്കുന്ന തിരുലിഖിതങ്ങളുടെ അർത്ഥങ്ങൾ സദസ്സുകളിൽ ബൃംഹണം ചെയ്ത് (വിശദമായി) പറയുവാൻ പ്രാപ്തരായിത്തീരട്ടെ എന്നാണല്ലോ. ഇത് ശരിയായി ഗ്രഹിച്ചാൽ അദ്ധ്യയനാദ്ധ്യാപനങ്ങൾ എത്രമാത്രം ക്ലേശകരമാണെന്ന് ബോധ്യമാകും. വളരെ സംക്ഷിപ്തമായും ദുർഗ്രഹമായും പറയപ്പെട്ടിട്ടുള്ള വേദങ്ങളുടേയും ഇതിഹാസപുരാണാദികളുടേയും ശരിയായ അർത്ഥം, സമസ്ത ജനങ്ങളുടെയും ക്ഷേമം മാത്രം മുന്നിൽ കണ്ടുകൊണ്ട്, തങ്ങളുടെ ദർശനസർവ്വസ്വം ലോകത്തിന് പ്രദാനം ചെയ്ത ഋഷിപരമ്പരകളുടെ ഇംഗിതങ്ങൾക്ക് മങ്ങലേൽക്കാത്തവിധം ജനങ്ങളെ പഠിപ്പിക്കണമെങ്കിൽ, ഒരു ബ്രാഹ്മണൻ എത്രമാത്രം ധിഷണാശാലിയും ചിന്താശീലനും ഊഹാപോഹവിചക്ഷണനും ആയിരിക്കണം. (അതിൽ വന്നുപോയ കുറവുകൊണ്ടാണല്ലോ മേൽപറഞ്ഞ അധാർമ്മികമായ വ്യാഖ്യാനമുണ്ടായത്) ഋഷിവചനങ്ങളുടെ താത്പര്യാർത്ഥം ഉൾക്കൊള്ളുകയും അനഭിമതാർത്ഥങ്ങൾ തള്ളിക്കളയുകയും ചെയ്യുന്നതാണ് യഥാക്രമം ഊഹവും അപോഹവും. ഇപ്രകാരം ദുരുക്താർത്ഥകങ്ങളായ തിരുലിഖിതങ്ങൾ വ്യാഖ്യാനിക്കുകയെന്ന ഭാരിച്ച ചുമതലയാണ് ബ്രാഹ്മണനെ ഗോസമാനനാക്കുന്നത്. ഈ സമാനതയറിയുവാൻ ഗോവിന്റെ ജിവിത രീതിയിലേക്കൊന്നും കണ്ണോടിക്കേണ്ടതും ആവശ്യമാണ്.

ഗോവ് എന്താണ് ചെയ്യുന്നത്. അത് പകൽ മുഴുവൻ മേഞ്ഞുനടന്ന് ചുറ്റുപാടുമുള്ള തൃണങ്ങൾ തന്നിലേയ്ക്ക് സ്വീകരിക്കുന്നു. എല്ലാ തൃണങ്ങളും ഔഷധങ്ങളാണല്ലോ.

അതിന്ന് ശേഷം തന്റെ വിശ്രമസമയം മുഴുവനായും താൻ സംഭരിച്ച തൃണപത്രാദികൾ അയവിറക്കി, അവയുടെ ഔഷധഗുണങ്ങൾ സ്വാംശീകരിച്ച് പാലിലൂടെയും മറ്റും നമുക്ക് നൽകുന്നു. സസ്യശ്യാമളകോമളമായ പ്രകൃതിയുടെ വരദാനങ്ങളായ സസ്യസമ്പത്തുകളുടെ ഔഷധഗുണങ്ങളാൽ നമ്മെ സമ്പന്നരാക്കുകയെന്ന ശ്രേഷ്ഠമായ കർത്തവ്യത്തിൽ വ്യാപൃതമായിരിക്കുന്നതാണ് ഗോവിന്റെ ജീവിതം.

ഇപ്രകാരം തന്നെയാണ് ബ്രാഹ്മണൻ. താൻ പാരായണം ചെയ്യുന്ന വേദോപനിഷദാതികളുടെ ശരിയായ അർത്ഥം തന്റെ നിരന്തരമായ പരിചിന്തനത്തിലൂടെ ഗ്രഹിച്ച് ജനങ്ങളുടെ ആദ്ധ്യാത്മികമായ അഭ്യുന്നതിക്കായി പ്രദാനം ചെയ്തുകൊണ്ട് തന്റെ ജന്മം ലോകഹിതത്തിന്നായി സമർപ്പിച്ച് സാഫല്യമടയുന്നത്.

യജ്ഞകർമ്മങ്ങൾ ശരിയായി അനുഷ്ഠിക്കണമെങ്കിൽ എത്രമാത്രം നിഃസ്വാർത്ഥമായ ജീവിത സമർപ്പണം അനിവാര്യമാണെന്ന് ചിന്തിക്കാവുന്നതെയുള്ളൂ. ദാനം ചെയ്യുവാൻ ഏവർക്കുമധികാരമുണ്ട്. എന്നാൽ ആ ദാനം സ്വീകരിക്കുവാനുള്ള അധികാരം ബ്രാഹ്മണനു നൽകിയിരിക്കുന്നത് അവരുടെ സാമ്പത്തിക നേട്ടത്തിന് വേണ്ടിയാണെന്ന് കരുതുന്നവരുണ്ട്. സ്വന്തം പാപ പരിഹാരാർത്ഥം ദാനകർമ്മമനുഷ്ഠിക്കുന്നവർ തങ്ങളുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാനുള്ള ഉത്തരവാദിത്വമാണ് ദാനത്തിലൂടെ ബ്രാഹ്ണനനെ ഏൽപിക്കുന്നത്. അപ്പോൾ തന്റെ ജീവിത ശുദ്ധിയിലൂടെയും പുണ്യകർമ്മങ്ങളിലൂടെയും മറ്റൊരാളുടെ പാപ പരിഹാരം ചെയ്യുവാനുള്ള ചുമതലയാണ് ദാനം സ്വീകരിക്കുന്നയാൾ ഏറ്റെടുക്കുന്നത്. മറ്റൊരാളുടെ പാപങ്ങൾ മോചിക്കുന്നതിന് ദൈവികമായ അധികാരം വേണമെന്ന തത്ത്വത്തിൽ അധിഷ്ഠിതമായി കൃസ്ത്യാനികൾ നടത്തുന്ന കുമ്പസാരത്തിന് സമാനമാണ് ഈ ദാനാദാനങ്ങൾ. ഇങ്ങനെ നോക്കുമ്പോൾ ഗോബ്രാഹ്മണർ എന്ന് ഒരൊറ്റ സമസ്തപദമായി പറഞ്ഞതിന്റെ ഔചിത്യവും അവർക്ക് മംഗളം ഭവിക്കട്ടെ എന്ന് പ്രാർത്ഥനയിലെ ലോകനന്മയും ആർക്കാണ് ബോധ്യമാകാതിരിക്കുക. വരിഷ്ഠമായ പുണ്യവും ഗരിഷ്ഠമായ പാപമായി വ്യാഖ്യാനിക്കുന്ന ദുഷ്പ്രവണതകൾ ഇനിയെങ്കിലും ഉണ്ടാകാതിരിക്കട്ടെ

**അഭിനന്ദനങ്ങൾ**



രശ്മി പി.കെ..

ഐ.ഐ.ടി മദ്രാസിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ രശ്മി പി.കെ.. ഗുരുവായൂർ ശാഖാംഗമായ ചിറ്റിലപ്പിള്ളി പുതുമന ഇല്ലത്ത് കൃഷ്ണൻകുട്ടി ഇളയതിന്റെയും തങ്കമ്മ അന്തർജ്ജനത്തിന്റേയും മകളാണ്. നന്തിപുലം സ്വദേശി ഡോ.പ്രശാന്ത് കൃഷ്ണന്റെ സഹധർമ്മിണി കൂടിയാണ് രശ്മി

## ഭീഷ്മോപദേശം

**ജ്ഞാനം വിശിഷ്ടം, നതഥാഹി യജ്ഞാ,**
**ജ്ഞാനേന ദുർഗ്ഗം തരതേന യജ്ഞൈഃ**

ജ്ഞാനം യജ്ഞത്തേക്കാൾ വിശിഷ്ടമാണ്. ജ്ഞാനം കൊണ്ടല്ലാതെ യജ്ഞം കൊണ്ട് ദുർഗ്ഗമമായ ലോകജീവിതത്തെ തരണം ചെയ്യാൻ സാധ്യമല്ല.

*മഹാഭാരതം 12-318-109*



പൂജ്യലോകരുടെ ശാസനം പരിത്യാജ്യമെന്നു കരുതുന്നതാരുവാൻ

# വിവാഹപൂർവ്വ കൗൺസിലിംഗ്

**ഉഷാദേവി എൻ.**
കോശാപ്പള്ളി ഇല്ലം
മീനടം, 85473 55985

നമ്മുടെ സമുദായത്തിലുള്ള യുവതലമുറയ്ക്ക് പ്രീമാരിറ്റൽ കോഴ്സ് എന്നറിയപ്പെടുന്ന വിവാഹപൂർവ്വ കൗൺസിലിംഗ് ആവശ്യമാണോ. എങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ അത് എങ്ങിനെ നടപ്പാക്കാം. ഇത് ചിന്തിക്കേണ്ട കാര്യമാണ്.

ഹൈന്ദവസമുദായത്തിലെ ഇതരവിഭാഗങ്ങളിലും മറ്റു മതങ്ങളിലും കുട്ടികൾക്ക് വിവാഹപൂർവ്വ കൗൺസിലിംഗ് നൽകുന്ന പതിവുണ്ട്. ദൗർഭാഗ്യമെന്നുപറയട്ടെ, മറ്റു പല ജീവിതചര്യകളും പാലിക്കുന്ന നാം അങ്ങിനെയൊന്ന് നടപ്പിലാക്കാനുള്ള നീക്കമൊന്നും ഇതുവരെ നടത്തിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

യുവതീയുവാക്കൾ വിവാഹത്തിന് മുൻപു തന്നെ പരസ്പരം മനസ്സിലാക്കി ഒരു ധാരണയോടു കൂടി ജീവിതത്തിലേയ്ക്ക് പ്രവേശിക്കേണ്ടതാണ്. പാശ്ചാത്യരാജ്യങ്ങളിൽ വിവാഹനിശ്ചയം കഴിഞ്ഞ കുട്ടികൾക്ക് പരസ്പരം കൂടുതൽ അടുത്തറിയാൻ 'ഡേറ്റിംഗ്' അനുവദിക്കാറുണ്ട്. നമ്മുടെ നാട്ടിൽ ഇത് വിശാലമായ അർത്ഥത്തിൽ നടപ്പാക്കാറില്ലെങ്കിലും പ്രതിശ്രുതവരനും വധുവും വിവാഹനിശ്ചയം കഴിഞ്ഞാൽ മാതാപിതാക്കളുടെ അറിവോടും സമ്മതത്തോടും കൂടിയും അവരുടെ സാന്നിധ്യത്തിലും ഫോൺവഴി ബന്ധപ്പെടുകയും ആശയങ്ങൾ കൈമാറുകയും ചെയ്യാറുണ്ട്. ഇതോടൊപ്പം തന്നെ അവർക്ക് വിവാഹപൂർവ്വ കൗൺസിലിംഗ് കൂടി നൽകേണ്ടത് ആവശ്യം തന്നെയാണ്. ഭാര്യാഭർതൃബന്ധം എന്താണ്, എന്തിനുവേണ്ടിയാണ്, അതിൽ കുടുംബങ്ങളുടെ പങ്ക് എത്രമാത്രമാണ്, പരസ്പരം വിശ്വാസവും വിട്ടുവീഴ്ചകളും ബന്ധങ്ങളുടെ ഉറപ്പിന് എത്രമാത്രം ആവശ്യമാണ്, ബന്ധുക്കളോടൊപ്പം ആചാരങ്ങൾ അനുഷ്ഠിച്ചുതന്നെ എങ്ങിനെ സന്തോഷമായി ജീവിക്കണം, തുടങ്ങിയ കാര്യങ്ങൾ ആധികാരമികമായി അവർക്ക് പറഞ്ഞുകൊടുക്കാം.

ഇന്നത്തെ അണുകുടുംബ വ്യവസ്ഥിതിയിൽ, കുട്ടികൾ മാതാപിതാക്കളുടെ മാത്രം ലാളനയും സുരക്ഷിതത്വത്തിലുമാണ് വളരുന്നത്. കഷ്ടപ്പാടുകളും ഇല്ലായ്മകളും അവരെ അറിയിക്കുന്നതെയില്ല. വിവാഹം കഴിഞ്ഞ് ഭർതൃഗൃഹത്തിലേയ്ക്ക് പോയാലും പെൺകുട്ടികൾക്ക് സ്വന്തം അച്ഛനമ്മമാരുടെ സഹായം കൂടിയേ തീരൂ. പുതിയ ഗൃഹത്തിലുള്ള എല്ലാവരുടേയും പെരുമാറ്റങ്ങൾ അവൾ സംശയദൃഷ്ടിയോടെയാണ് കാണുന്നത്. അച്ഛൻ, ഒരു പുത്രഭാര്യയായി മാത്രം അവളെ കാണുന്നു. അമ്മ, ഒരു അന്യസ്ത്രീയോടെന്ന പോലെയാണ് പെരുമാറുന്നത്. ഭർത്താവിൽ നിന്നും ലഭിക്കേണ്ട സ്നേഹവും പരിഗണനയും കിട്ടുന്നതുമില്ല. കാരണം, അവനും അങ്ങനെയൊരു സാഹചര്യത്തിലാണ് വളർന്നുവന്നത്.

ഈ സാഹചര്യത്തിൽ അവളുടെ പ്രതീക്ഷകൾക്ക് നിറം മങ്ങുന്നു. അച്ഛന്റെ വാത്സല്യവും അമ്മയുടെ തലോടലും അവൾ ഭർത്താവിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ തെറ്റില്ലല്ലോ.

വിപരീത സാഹചര്യത്തിൽ വിവാഹബന്ധം ശിഥിലമാകുന്നു. അല്ലെങ്കിൽ മാതാപിതാക്കൾ അവഗണിക്കപ്പെടുന്നു. തെറ്റ് ആരുടെ ഭാഗത്താണ്, ആർക്കും അറിയില്ല.

അതുപോലെതന്നെ, ഇന്നത്തെ കാലത്ത് പെൺകുട്ടികൾ പത്തുപതിനൊന്നുവയസ്സിൽ തന്നെ പ്രായപൂർത്തിയാകുന്നു. 15 വയസ്സുമുതൽ അവൾ സ്വാഭാവികമായും ഒരു സുഹൃത്തിനെ തേടും. 18 വയസ്സു തികഞ്ഞ ആൺകുട്ടികളും തഥൈവ. അതിന് സമുദായവും ഗോത്രവുമൊന്നും അവർക്ക് പ്രശ്നമേയല്ല. സമൂഹമാധ്യമങ്ങൾ വളരെയധികം പ്രചരിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ആരും അതൊന്നും അറിയുകയുമില്ല.

പെട്ടെന്നൊരു ദിവസം തന്റെ മകളിൽ അല്ലെങ്കിൽ മകനിൽ ചില സ്വഭാവവ്യത്യാസങ്ങൾ കണ്ടു തുടങ്ങുമ്പോൾ അച്ഛനമ്മമാർ ഞെട്ടിയേക്കാം. ലാളിച്ചുവളർത്തിയ കുഞ്ഞിനെ ഉപേക്ഷിക്കാനാവില്ലല്ലോ. തിക്തമായ മാനസിക സംഘർഷത്തിലാണെങ്കിലും അവർ മക്കളുടെ ആഗ്രഹം നടത്തിക്കൊടുക്കുന്നു. പിന്നെ, എല്ലാം വിധി എന്ന് സമാധാനിക്കുന്നു. പക്ഷെ, ഭയഭക്തിയോടും അച്ചടക്കത്തോടും കൂടി വളർന്ന കുട്ടിയാണെങ്കിൽ ഒരു നിമിഷം വിവേകപൂർവ്വം ചിന്തിക്കും. അതിന് അവരെ മാതാപിതാക്കൾ പ്രാപ്തരാക്കിയിട്ടുണ്ടെങ്കിൽ മാത്രം. ഇതിനൊരു പരിഹാരം, കുഞ്ഞുങ്ങൾക്ക് ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളിൽ വിശ്വാസം ഉണ്ടാക്കിയെടുക്കുകയും, അവരെ ആത്മരക്ഷയ്ക്കുള്ള ഉപായങ്ങൾ പറഞ്ഞുകൊടുത്ത് വളർത്തുകയുമാണ്. പതിനെട്ടു വയസ്സുകഴിഞ്ഞാൽ പെൺകുട്ടിയ്ക്കും, 24 വയസ്സുകഴിഞ്ഞാൽ ആൺകുട്ടിയ്ക്കും വിവാഹാലോചന തുടങ്ങാം. പഠനം തുടരുകയും ജോലി തേടുകയും ചെയ്യുന്നതിന് തടസ്സമില്ല. അതുവരെ, അവർ മാതാപിതാക്കളെ എല്ലാ കാര്യത്തിലും ആശ്രയിക്കട്ടെ.



സ്നേഹിക്കാൻ മണ്ണിൽ കണ്ടുമുട്ടാതെയിരുന്നെങ്കിൽ
പിണങ്ങാൻ മണ്ണിൽ വന്നു പിറക്കാതെയിരുന്നെങ്കിൽ

തമ്മിൽ കണ്ട് ഇഷ്ടപ്പെട്ടാൽ, അവർ നല്ല സുഹൃത്തുക്കളാവട്ടെ. പരസ്പരം ഇഷ്ടങ്ങളും ജീവിത വീക്ഷണങ്ങളും പങ്കുവയ്ക്കട്ടെ. മാതാപിതാക്കൾ അവരോട് തുറന്നു സംസാരിക്കുകയും ഗൃഹത്തിൽ ആത്മീയമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യട്ടെ. കുടുംബങ്ങളും പരസ്പരം അടുത്ത് ഇടപഴകട്ടെ. ഒന്നിച്ചു ജീവിക്കാൻ പ്രാപ്തരായെന്ന് കുട്ടികൾക്ക് ബോധ്യപ്പെട്ടാൽ അവരെ വിവാഹപൂർവ്വ കൗൺസിലിംഗിന് വിധേയരാക്കുകയും, തുടർന്ന ആശിർവദിച്ച് വിവാഹബന്ധത്തിലേയ്ക്ക് എത്തിക്കുകയും ചെയ്യണം.

മേൽപറഞ്ഞതിനോട് എല്ലാവർക്കും യോജിക്കാൻ പറ്റിയെന്ന് വരില്ല. കാരണം കുട്ടികളുടെ, പ്രത്യേകിച്ച് പെൺകുട്ടികളുടെ വിവാഹപൂർവ്വ ജീവിതം വളരെ സുതാര്യമാക്കണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു.

അത് ആവശ്യം തന്നെയാണുതാനും. പക്ഷെ, കുട്ടികൾക്ക് അത് സാധിക്കണമെങ്കിൽ അച്ഛനമ്മമാരുടെ സഹായം കൂടിയേ തീരൂ. അപ്പോൾ മാതാപിതാക്കൾക്കും ഒരു ബോധവൽക്കരണം ആവശ്യമാണ്. അവർ, അന്ധരും, മൂകരും ബധിരരുമായി അഭിനയിച്ചിട്ട് കാര്യമില്ല. കുട്ടികളുടെ സുരക്ഷിതത്വത്തിൽ അവർ കുറച്ചുകൂടി ബോധവാന്മാരായേ പറ്റൂ. ഇല്ലെങ്കിൽ നഷ്ടപ്പെടുന്നത് അവർ കാത്തുസൂക്ഷിച്ച അഭിമാനവും സ്വപ്നങ്ങളുമാണ്.

കാര്യങ്ങളുടെ പ്രാധാന്യം എല്ലാവരും മനസ്സിലാക്കുകയും ആചാര്യന്മാരുടെ ആശിർവ്വാദത്തോടും യുവസമൂഹത്തിന്റെ സഹകരണത്തോടും കൂടി അവ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് ഇതിന്റെ ആവശ്യമാണ്. നാളെയുടെ അനുപേക്ഷണീയതയും....

# അപഹാസ്യം

*കെ.എൻ.നമ്പൂതിരി*
*നെടുവേലി ഇല്ലം, പുഴവാത്, ചങ്ങനാശ്ശേരി*
*9497578380*

സ്വാതന്ത്ര്യത്തിൻ പതാക വാനിൽ
ലജ്ജിതയായി വിതുമ്പുന്നു
തീരങ്ങൾ മൂന്നും മൂന്നുവഴിക്കായ്
താന്തോന്നിത്തം കാട്ടുന്നു.
നാടിൻ ദുർഗ്ഗതി കണ്ടുതപിച്ചീ–
അശോക ചക്രവുമുലയുന്നു
ധാർമ്മിക ചേതന സുപ്രഭയേകി
ധരണിയിലൊഴുകിയ നാൾമാറി
ഭരണക്കാരുടെ കോമാളിത്തം
ശുദ്ധി തകർത്തിഹ വിലസുമ്പോൾ
പൊതുജന കഴുതകൾ ഏന്തി വലിഞ്ഞീ
ജീവിത ശകടം തള്ളുന്നു
പീഢന ചൂഷണസ്ഫോടന മറുതകൾ
ഹിംസകൾ തീർത്തു ജ്വലിക്കുന്നു.
പവിത്രത മുറ്റിയ സ്ത്രീലിംഗങ്ങൾ
പൗരുഷ കേളിയിലുരുകുന്നു.
ബന്ധങ്ങൾക്ക് ബലിത്തറ തീർത്തിഹ
മാനവ മത്സരമൊഴുകുന്നു
ശ്രേഷ്ഠ ഗുണങ്ങളെ ബലിയർപ്പിച്ചിഹ
ദാനവകേളികൾ പെരുകുന്നു.
സംസ്കാരത്തെയുരുക്കിയുറക്കീ–
ട്ടഹന്ത സ്വാർത്ഥതയലറുന്നു
അസ്വസ്ഥതയുടെ ഭീകരതാണ്ഡവ
ശംഖൊലി അങ്കമൊരുക്കുന്നു.
തമ്മിലടിച്ചു നശിച്ചൊരു യാദവർ
വീണ്ടും ഭൂവിൽ ജനിക്കുന്നു.
എന്നിനിയവരുടെ ശാന്തി മുഹൂർത്തം
പുണ്യം പകരാൻ വന്നണയും

# പ്രണയം

**ഗിരിജ എൻ. നമ്പൂതിരി**
**വടുതലായിൽ ഇല്ലം 7558010339**

ഒട്ടിപ്പിടിക്കുന്നു പ്രേമാന്ധകാരത്തിൽ
മൊട്ടിട്ട ജീവിത സ്വപ്നതന്തുക്കളിൽ
തട്ടിപ്പതിയ്ക്കുന്നിതാ പടുഗർത്തത്തിൽ
മുട്ടും പ്രണയമേ നിന്നെ സ്മരിപ്പുഞാൻ
ബന്ധങ്ങൾ താനേ മറക്കും, പ്രണയമാം
ബന്ധങ്ങൾ പൂവിടുന്നേരം, ഹൃദന്തവും
അന്തരം കൂടാതെ ചിന്തതൻ ശക്തിയാൽ
അന്ധരായ്ത്തീരുന്നു മാനസഭ്രാന്തിയാൽ
സാദ്ധ്യമല്ലാതെയെന്തുള്ളൂ ജഗത്തിങ്കൽ
ബോദ്ധ്യമായീടും പരിശ്രമിച്ചീടുകിൽ
മറ്റൊന്നു ചിന്തിച്ചു നഷ്ടപ്പെടുമ്പൊളോ
തെറ്റും ഗുരുത്വവും, ബന്ധമോ ബന്ധനം
കണ്ണടച്ചാലിരുട്ടാകുന്നു, കാണുവാൻ
കണ്ണടയുണ്ടെങ്കിലും കാഴ്ച നിഷ്ഫലം
കാതുകൾ പൊത്തിപ്പിടിയ്ക്കുകിൽ കേൾക്കില്ല
കാതിലോതുന്നൊരീ നല്ല വാക്കൊന്നുമേ
രക്തത്തിനൊന്നേ നിറം ചുവപ്പെന്നതു
ചിത്തത്തിലോർത്തുറപ്പിയ്ക്കുന്നിതേവരും
ജാതിരണ്ടേയുള്ളൂ സ്ത്രീയും പുരുഷനും
ജാതി വേണ്ടാ പ്രേമസാമ്രാജ്യമാളുവാൻ
കഷ്ടം ഇതെങ്ങു ചെന്നെത്തിടും മർത്യന്റെ
ഇഷ്ടത്തിനൊത്തുള്ളൊരന്ധമാം യാത്രയിൽ
നഷ്ടം നമുക്കു തന്നെയെന്ന ചിന്തയിൽ
ഇഷ്ടം വെടിഞ്ഞുൾക്കരുത്തു കാട്ടീടുവിൻ
ചിന്തിയ്ക്കുവിൻ ജീവിതം കളിയല്ലെന്ന
ചിന്തയിൽത്തന്നേയുറച്ചു നിന്നീടുവിൻ
എന്തിനീ ജീവിതം വ്യർത്ഥമാക്കീടുന്നു
ചിന്തനീയം, ബാക്കിയെന്നുറപ്പിയ്ക്ക നാം
പാതയിലൊന്നിച്ചുപോകവേ വിശ്വാസ
പാതകം ചെയ്യുന്ന പൈശാച ചിത്തരേ

ലോകകൗതുകം

# ലൈഫ് ഇൻഷുറൻസ്

## ആവശ്യകതയും അറിഞ്ഞിരിക്കേണ്ടവയും

**അരുൺ കീച്ചേരിൽ**

*(ഇൻഷുറൻസ് അഡൈ്വസർ, (SBI Life) 94468 46461*

എല്ലാ വായനക്കാർക്കും നമസ്കാരം,

ഇൻഷുറൻസ് എന്ത് എന്ന് പറഞ്ഞു തുടങ്ങുന്നതിനു മുൻപ് ഒരു യഥാർത്ഥ സംഭവകഥ ചുരുക്കി വിവരിക്കട്ടെ. ഒരു ദിവസം രാവിലെ മകനെ സ്കൂളിൽ അയക്കുവാനുള്ള തയാറെടുപ്പുകൾക്കിടയിൽ ഒരു ഫോൺ കാൾ വരുന്നു. സാധാരണ ആ സമയത്തുള്ള ഫോൺ അറ്റൻഡ് ചെയ്യുന്ന പതിവില്ല. പക്ഷെ നോക്കിയപ്പോൾ സ്ഥിരമായി വിളിക്കുന്ന ആരുമല്ല. എനിക്ക് വേണ്ടി സമാജത്തിന്റെ DTP വർക്കുകൾ ചെയ്യുന്ന ആൾ ആണ്, തത്കാലം നമുക്കവരെ 'അനിത' എന്ന് വിളിക്കാം. പതിവില്ലാത്ത വിളി ആണല്ലോ എന്നോർത്ത് കൊണ്ട് ഞാൻ ഫോൺ അറ്റൻഡ് ചെയ്യുന്നു. എടുത്ത ഉടനെ അനിത എന്നോട് ചോദിച്ച ചോദ്യം ഇതാണ്. ' അരുൺ അന്ന് പറഞ്ഞ ആ കാൻസർ പോളിസി എങ്ങനെയാ എടുക്കുക?'. ഞാൻ തിരിച്ചു ചോദിച്ചു 'എന്താ ഇപ്പോൾ പെട്ടെന്ന് അങ്ങനെ തോന്നാൻ?'. മറുപടി കേട്ട് ഒരു നിമിഷം ഞെട്ടിപോയി. മറുപടി ഇങ്ങനെ ആയിരുന്നു. ' അതേ, ബയോപ്സി റിപ്പോർട്ട് വന്നു, പോസിറ്റീവ് ആണ്, എറണാകുളം അമൃതയിൽ അഡ്മിറ്റായി. കീമോതെറാപ്പി തുടങ്ങുവാൻ പോകുന്നു'. തിരിച്ചു വിളിക്കാം എന്ന് പറഞ്ഞു ഞാൻ ഫോൺ വച്ചു. ഈ അവസ്ഥയിൽ, ഇൻഷുറൻസ് നിയമങ്ങളനുസരിച്ച് ഒരു കമ്പനിയും അനിതയ്ക്ക് ഇനി ഒരു ഇൻഷുറൻസ് നൽകുകയില്ല

ഇനി വിഷയത്തിലേക്ക് വരാം. ഇൻഷുറൻസ് എന്ന് കേൾക്കുന്നത് 90% ആളുകൾക്കും തികച്ചും അരോചകമായ കാര്യമാണെന്നതിൽ തർക്കമില്ല. ഇൻഷുറൻസ് മേഖലയെ പറ്റിയുള്ള തെറ്റിധാരണയും, ഇതിന്റെ ആവശ്യകതയെ പറ്റിയുള്ള അജ്ഞാതയുമാണ് ഈ അരോചകത്വത്തിന്റെ പ്രധാന കാരണം. അങ്ങനെയുള്ള ഒരാളെ ആണ് അനിത എന്ന പേരിൽ നിങ്ങൾക്ക് ഞാൻ പരിചയപ്പെടുത്തിയത്. ഇതേ അവസ്ഥയിലുള്ള നിരവധി അനവധി ആളുകൾ നമുക്കിടയിൽ ഉണ്ട്. ദിനംപ്രതി നമ്മൾ ഇത്തരം കാര്യങ്ങൾ അറിയുന്നു എങ്കിലും അതൊന്നും ശ്രദ്ധിക്കാതെ നമ്മൾ മുന്നോട്ടു പോകുന്നു. ഒടുവിൽ അങ്ങനെ ഒരാവശ്യകത നമുക്കുണ്ടാകുമ്പോൾ മാത്രം ഇൻഷുറൻസിനെ കുറിച്ച് ചിന്തിക്കുന്നു. സർക്കാർ നിയമം കർശനമായത് കൊണ്ട് മാത്രം വാഹന ഇൻഷുറൻസും, ട്രാവൽ ഇൻഷുറൻസും നമ്മൾ എടുക്കുമ്പോൾ ലൈഫ് ഇൻഷുറൻസും, മെഡിക്കൽ ഇൻഷുറൻസും നമ്മൾ മനഃപൂർവം മറന്നതായി ഭാവിക്കുന്നു. ഇൻഷുറൻസിനെ കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ ഇതിലൂടെ ഒരു പരിധി വരെ മാറിയാൽ എന്റെ ആദ്യപരിശ്രമം വിജയിക്കും.

**എന്താണ് ഇൻഷുറൻസ് ?**

ഇൻഷുറൻസ് പലവിധമുണ്ട്. അതിൽ പരിചിതമായവ ആണ് ലൈഫ് ഇൻഷുറൻസ്, മെഡിക്കൽ ഇൻഷുറൻസ്, വാഹന ഇൻഷുറൻസ് എന്നിവ. സാധാരണ ജനങ്ങളോട് ഇങ്ങനെ ഒരുചോദ്യം ചോദിച്ചാൽ ആദ്യം പറയുക നിശ്ചിത തുക നിശ്ചിത കാലയളവിൽ നിക്ഷേപിച്ചാൽ, ആ കാലഘട്ടം കഴിയുമ്പോൾ തുകയും അതിന്റെ ലാഭവും തിരിച്ചു കിട്ടുന്നു എന്നതാകും. എന്നാൽ ഇൻഷുറൻസ് എന്നത് കൊണ്ട് ഒരിക്കലും അങ്ങനെ അല്ല അർഥമാക്കുന്നത്. നാം ഒരിക്കലും ഇൻഷുറൻസ് എടുക്കുന്നത് നമുക്ക് വേണ്ടി ആകരുത്. നമ്മുടെ ആശ്രിതർക്ക് വേണ്ടി ആകണം. ഭാവിയിൽ നമുക്ക് എന്തെങ്കിലും വിധത്തിൽ ഉള്ള അത്യാഹിതം സംഭവിക്കുന്ന പക്ഷം നമ്മുടെ കുടുംബത്തെ സാമ്പത്തികമായി പിടിച്ചു നിർത്തുവാൻ നമ്മൾ നീക്കിവയ്ക്കുന്ന മുൻകരുതൽ ആകണം ഇൻഷുറൻസ്.

**ഇൻഷുറൻസിന്റെ ആവശ്യകത**

പ്രാഥമികമായി വരുമാനമുള്ളതും, പോറ്റുവാൻ ഒരു കുടുംബമുള്ളതുമായ ഏതൊരാൾക്കും ഇൻഷുറൻസ് അത്യാവശ്യമാണ്. ഒരു കുടുംബത്തിൽ ഒന്നിലധികം ആളുകൾക്ക് വരുമാനമുണ്ടെങ്കിൽ ഓരോരുത്തർക്കും ഇൻഷുറൻസ് ആവശ്യമാണ്. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാനും ഭാവിയിൽ നിങ്ങൾക്കൊരു സമ്പാദ്യ പദ്ധതിയാക്കി മാറ്റുവാനും, അങ്ങനെ റിട്ടയർ ചെയ്ത ശേഷവും ആദായത്തിന്റെ ഒരു സ്ഥിരം സ്രോതസ്സ് ഉണ്ടാക്കുവാനും, ഒരു ഗുരുതര രോഗം മൂലം അല്ലെങ്കിൽ അപകടം മൂലം നിങ്ങളുടെ വരുമാനം നിലയ്ക്കുകയോ കുറയുകയോ ചെയ്യുമ്പോഴും ഇൻഷുറൻസ് നിങ്ങൾക്ക് കൈത്താങ്ങാകും. ഇതെല്ലാം പ്രയോജനങ്ങൾ തന്നെയാണെങ്കിലും ആകസ്മിക മരണം സംഭവിക്കുന്ന പക്ഷം അയാളുടെ കുടുംബത്തിന് സാമ്പത്തിക പിന്തുണ ഉറപ്പാക്കുക തന്നെയാണ് ഇൻഷുറൻസ് കൊണ്ട് അർത്ഥമാക്കുന്നത്.

നിങ്ങളുടെ യുവത്വത്തിൽ, അവിവാഹിതരായിരിക്കുമ്പോൾ, സാമ്പത്തിക സ്വാശ്രയത്വം ആസ്വദിച്ച് തുടങ്ങുമ്പോൾ ജീവിതം പ്രതീക്ഷകളും സാദ്ധ്യതകളും നിറഞ്ഞതായിരിക്കും.

## പൂജാപഠന ക്യാമ്പ്

മലയാള ബ്രാഹ്മണ സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ അവധിക്കാല പൂജാപഠന ക്യാമ്പ് രണ്ടു കേന്ദ്രങ്ങളിലായി 2020 ഏപ്രിൽ 15 മുതൽ 30 വരെ നടത്തുന്നു. കോട്ടയവും തൃശ്ശൂരും ആയിരിക്കും കേന്ദ്രങ്ങൾ. പ്രായഭേദമെന്യേ ഉപനയനം കഴിഞ്ഞ ബ്രാഹ്മണർക്കു പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് .

**കോട്ടയം – ഹരിമോഹനൻ, കുറിച്ചി 949746 5571**

**തൃശൂർ – മുരളി , പുതുമന 964 521 3823**



ക്ഷണികതയ്ക്കൊരു പര്യായമാം ഹിമ
കണികമാത്രമാണീ ലോക ജീവിതം

ഇപ്പോൾ നിങ്ങളുടെ മനസ്സിൽ ഇൻഷ്വറൻസിനെ കുറിച്ചുള്ള ചിന്തകൾ ഇല്ലായിരിക്കാം. എന്നാൽ യാതൊരുതരത്തിലുമുള്ള സാമ്പത്തിക പ്രയാസവുമില്ലാതെ നിങ്ങളുടെ ജീവിതലക്ഷ്യങ്ങൾ കൈവരിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഇൻഷ്വറൻസിൽ നിക്ഷേപം നടത്താനുള്ള ശരിയായ സമയം യുവത്വമാണ് . നിങ്ങൾ യുവത്വത്തിലുള്ളതും ആരോഗ്യമുള്ളതുമായ വ്യക്തിയാണെങ്കിൽ, അതിനനുസരിച്ച് ഇൻഷ്വറൻസ് പ്രീമിയം കുറവായിരിക്കും. നേരത്തേ ആരംഭിക്കുന്നതിലൂടെ ദീർഘകാല അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രീമിയം വലിയ സമ്പാദ്യമാക്കി മാറ്റാനാകുന്നു. ആ നിലയിൽ ഇൻഷുറൻസ് എന്നത് ഒരു സമ്പാദ്യ ശീലവും ആകുന്നു. ഒരു ഇൻഷ്വറൻസ് പ്ലാനിന്റെ ഭാഗമാകുമ്പോൾ, അച്ചടക്കമുള്ള ഒരു സമ്പാദ്യ ശീലംകൂടിയാണ് നിങ്ങൾ സ്വായത്തമാക്കുന്നത്.

**ലൈഫ് ഇൻഷുറൻസ്**

ലൈഫ് ഇൻഷുറൻസ് എന്നത് 100 ശതമാനവും മനുഷ്യ ജീവിതവും മരണവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. മരണം മൂലം അല്ലെങ്കിൽ നിത്യ അവശത(Permanent Disability) ഉണ്ടാകുന്ന പക്ഷം നിങ്ങളുടെ കുടുംബത്തിനുള്ള സാമ്പത്തിക പരിരക്ഷയാണ് ലൈഫ് ഇൻഷുറൻസ്. മനുഷ്യ ജീവിതം സ്വാഭാവികവും, അത്യാഹിതവുമായ മരണത്തിനും, ആപത്സാധ്യതകൾക്കും വിധേയമാണ്. അഥവാ ഒരു വ്യക്തി സ്ഥിരമായോ, താത്കാലികമായോ അവശനായാൽ ആ കുടുംബത്തിന്റെ ആദായത്തിൽ നഷ്ടം സംഭവിക്കുന്നു. മനുഷ്യ ജീവന്റെ മൂല്യമളക്കാൻ കഴിയില്ല എങ്കിൽ കൂടി ഭാവിയിലെ ആദായ നഷ്ടങ്ങളെ ആസ്പദമാക്കി ഒരു സാമ്പത്തിക തുക നിശ്ചയിക്കുവാൻ കഴിയും. അതിനാൽ ലൈഫ് ഇൻഷുറൻസിലെ Assured തുക (നഷ്ടം സംഭവിച്ചാൽ നൽകും എന്ന് ഉറപ്പു നൽകുന്ന തുക ) ഒരു പ്രയോജനം തന്നെയാണ് .

**ഒരാൾക്ക് എത്ര തുകയുടെ ലൈഫ് ഇൻഷുറൻസ് വേണം**

നിങ്ങളുടെ ഇൻഷുറൻസ് ആവശ്യങ്ങൾ മനസ്സിലാക്കുവാനും ഒരു ശരിയായ പരിരക്ഷ സൂചിപ്പിക്കുവാനുമായി ഒരു ഇൻഷുറൻസ് അഡ്വൈസറുടെ സഹായം തേടുക. നിങ്ങൾക്ക് ആവശ്യമുള്ള ലൈഫ് ഇൻഷുറൻസ് പരിരക്ഷയുടെ തുക പല കാര്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഏതാനും ചിലത് താഴെ സൂചിപ്പിക്കുന്നു.

* നിങ്ങളെ ആശ്രയിച്ചു എത്ര പേര് ഉണ്ട്
* നിങ്ങൾക്ക് എത്രത്തോളം ബാധ്യതകൾ ഉണ്ട്
* നിങ്ങളുടെ വരുമാനം എത്ര
* നിങ്ങളുടെ നിക്ഷേപ ആവശ്യകതകൾ
* നിങ്ങൾക്ക് എത്രനാൾ കൊണ്ട് നടക്കാൻ പറ്റും
* ഒരു 80 വയസ്സ് വരെ നിങ്ങൾ ജീവിച്ചിരുന്നാൽ നിങ്ങൾക്ക് എത്ര തുക സമ്പാദിക്കാൻ പറ്റും.

**വിവിധയിനം ലൈഫ് ഇൻഷുറൻസ് പോളിസികൾ**

**ടേം ഇൻഷുറൻസ് പോളിസികൾ**

*(Term Insurance Plans )*

ഒരു നിശ്ചിത കാലത്തേയ്ക്ക് ഇൻഷുർ ചെയ്യുന്ന പോളിസികളെ ആണ് ടേം ഇൻഷുറൻസ് പോളിസികൾ എന്ന് വിളിക്കുന്നത്. കുറഞ്ഞ പ്രീമിയത്തിൽ കൂടുതൽ തുകയ്ക്ക് ഇൻഷുറൻസ് എടുക്കുവാൻ ഇത് നമ്മെ സഹായിക്കുന്നു. ആ നിശ്ചിത കാലത്തിനുള്ളിൽ മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് ഇൻഷുറൻസ് തുക ലഭിക്കും. കാലാവധി കഴിഞ്ഞാണ് മരണം സംഭവിക്കുന്നതെങ്കിൽ സാധാരണ ഗതിയിൽ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നതല്ല.

**ഹോൾ ലൈഫ് പോളിസികൾ**

**(Whole Life Policy)**

ഹോൾ ലൈഫ് പോളിസികൾ കൊണ്ട് നിങ്ങൾക്ക് ഉറപ്പായും ജീവിതകാലം മുഴുവൻ സംരക്ഷണം ലഭിക്കും. ഇവ മരണ ആനുകൂല്യം നൽകുന്നു എന്നതിനാൽ നിങ്ങളുടെ മരണ ശേഷം കുടുംബത്തിന് നേരിടേണ്ടി വരുന്ന സാമ്പത്തിക പ്രശ്നങ്ങളെ നേരിടുവാൻ ഈ പോളിസികൾ സഹായിക്കുന്നു. ഇത് നിങ്ങളുടെ അനന്തരാവകാശിക്ക് പൈതൃകമായി ലഭിക്കുന്ന ഒരു സമ്പത്താണ് പരിഗണിക്കാം

**എൻഡോവ്മെന്റ് പോളിസികൾ**

**(Endownment Policy)**

എൻഡോവ്മെന്റ് പോളിസികൾ എന്നാൽ ഒരു നിശ്ചിത കാലത്തേക്കുള്ള സേവിങ്സ് പോളിസി ആണ്. ഈ കാലയളവിൽ പോളിസി ഹോൾഡർ മരണപ്പെട്ടാൽ ഇൻഷുറൻസ് തുക അനന്തരാവകാശിക്ക് ലഭിക്കും. മരണം സംഭവിക്കാത്ത പക്ഷം കാലയളവിനു ശേഷം കാലപൂർത്തി തുക ലഭിക്കും

**മണിബാക്ക് പോളിസികൾ**

**(Money Back Policies)**

ഈ വിഭാഗം പോളിസികളിൽ ഇൻഷുറൻസ് ക്ലെയിം ആകാത്ത പക്ഷം നിശ്ചിത ഇടവേളകളിൽ ഇൻഷുറൻസ് തുകയുടെ നിശ്ചിത ശതമാനം വീതം തിരികെ ലഭിക്കുന്നു. പോളിസി കാലഘട്ടം അവസാനിക്കുമ്പോൾ കാലപൂർത്തി തുകയും ബോണസും കൂടി ലഭിക്കുന്നു. ഇത്തരം പോളിസികൾ 12 വർഷം മുതൽ അടയ്ക്കുന്ന രീതിയിൽ ആണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. അതായത് മിനിമം 12 വർഷം എങ്കിലും മുടങ്ങാതെ അടച്ചിരിക്കണം.

**ചൈൽഡ് പ്ലാനുകൾ**

**(Child Plan )**

ഇത്തരം പോളിസികൾ കുട്ടികൾക്ക് ഭാവിയിൽ ഉണ്ടാകാവുന്ന വിവിധ ആവശ്യങ്ങൾക്ക് വേണ്ടി മാതാപിതാക്കൾക്ക് കരുതി വയ്ക്കാവുന്ന പോളിസികൾ ആണ്.



സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ
ആപത്തുകാലത്തു കാ പത്തു തിന്നാം

കുട്ടികൾക്ക് വേണ്ടിയുള്ള പോളിസി ആണെങ്കിലും ഇത്തരം പോളിസികളിൽ മാതാപിതാക്കൾക്ക് ആർക്കെങ്കിലും ഒരാൾക്കാകും ഇൻഷുറൻസ് ലഭിക്കുന്നത്. അവിചാരിതമായി ഇൻഷുർ ചെയ്യപ്പെട്ട ആൾക്ക് അത്യാഹിതം സംഭവിച്ചാൽ തുടർന്ന് പ്രീമിയം അടയ്ക്കേണ്ടതില്ല. ഇൻഷുറൻസ് തുക അപ്പോൾ തന്നെ ലഭിക്കുകയും കൂടാതെ തുടർന്ന് വരുന്ന പ്രീമിയം ഇൻഷുർ ചെയ്യപ്പെട്ട ആൾക്ക് വേണ്ടി കമ്പനി അടയ്ക്കുകയും കുട്ടിക്ക് 18 വയസ്സാകുന്ന സമയത്ത് തുക ലഭിക്കുകയും ചെയ്യുന്നു. വിവിധ ഇൻഷുറൻസ് കമ്പനികളുടെ നയമനുസരിച്ചു ഇക്കാര്യത്തിൽ ചെറിയ തോതിൽ വ്യത്യാസം ഉള്ളതായി കാണുന്നു

**പെൻഷൻ പ്ലാനുകൾ (Pension Plan)**

ഒരാൾ ജോലിയിൽ നിന്ന് വിരമിച്ചു കഴിഞ്ഞാൽ പിന്നെ ഒരു സ്ഥിരവരുമാനം ഉണ്ടാകുന്നില്ല. പ്രോവിഡന്റ് ഫണ്ടും, ഗ്രാറ്റുവിറ്റിയും ശരിയായ രീതിയിൽ നിക്ഷേപിച്ചില്ലെങ്കിൽ ചിലവാകുകയും ചെയ്യും. വരുമാനം ഇല്ലാതെ ആകുകയും ചിലവ് പതിവ് പോലെ ഉണ്ടാകുകയും ചെയ്താൽ എന്തായിരിക്കും അവസ്ഥ. ഇങ്ങനെ ഒരു കാലഘട്ടം മുന്നിൽ കണ്ടുകൊണ്ടു വരുമാനം ഉള്ളപ്പോൾ തന്നെ തുടങ്ങി വയ്ക്കാവുന്ന ഇൻഷുറൻസ് പ്ലാൻ ആണ് പെൻഷൻ പ്ലാനുകൾ. സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന ആളുകൾക്കും, ഭർത്താവിന്റെ വരുമാനം മാത്രം ആശ്രയിച്ചു കഴിയുന്ന സ്ത്രീകളും നിശ്ചയമായും ഒരു പെൻഷൻ പ്ലാൻ എടുക്കേണ്ടതാണ്. വാർധക്യ കാലത്ത് സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടാകേണ്ടത് ഏതൊരാളുടെയും ആവശ്യമാണ്.

**പോളിസി ക്ലെയിം**

പോളിസി ഉടമ മരണമടഞ്ഞാൽ ഇൻഷുറൻസ് കമ്പനിയെ വിവരമറിയിക്കുക എന്നുള്ളതാണ് ആദ്യ നടപടി. പോളിസികളിൽ നൽകേണ്ടുന്ന ഒരു സുപ്രധാന സേവനം കൂടിയാണ് ക്ലെയിം ഉണ്ടാകുന്ന പക്ഷം അതിനു വേണ്ടുന്ന സഹായം ചെയ്യുക എന്നത്. അത് ഇൻഷുറസ് ഏജന്റിന്റെ കർത്തവ്യം കൂടി ആണ്. പോളിസികളിൽ പേരുവച്ചിട്ടുള്ള നോമിനി, അസൈൻ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം വ്യക്തികൾ കൂടാതെ പോളിസി ഉടമയുടെ അടുത്ത ബന്ധുക്കൾ ഉൾപ്പടെ ആർക്ക് വേണമെങ്കിലും കമ്പനിയിൽ വിവരം അറിയിക്കാം. കമ്പനി ആവശ്യപ്പെടുന്ന വിവരങ്ങളെല്ലാം പൂർത്തീകരിച്ച ക്ലെയിം ഫോം, മരണ സർട്ടിഫിക്കറ്റ്, അസ്സൽ പോളിസി, തിരിച്ചറിയൽ രേഖകൾ, ഡിസ്ചാർജ് സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം ആനുകൂല്യങ്ങൾ ഇലക്ട്രോണിക്കായി നൽകാൻ അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതുണ്ട്.നോമിനേഷനോ അസൈൻമെന്റോ ഇല്ലാത്ത പോളിസികളിൽ അനന്തരാവകാശം തെളിയിക്കുന്നതിനുള്ള നിയമപരമായ രേഖകളും ഉൾപ്പെടുത്തണം. പോളിസി എടുത്ത് മൂന്നു വർഷത്തിനുള്ളിൽ ഉണ്ടാകുന്ന ക്ലെയിമുകളിൽ ആശുപത്രികളിൽ നിന്നും, പോളിസി ഉടമ ജോലി ചെയ്തിരുന്ന സ്ഥാപനങ്ങളിലും മറ്റും അധിക രേഖകളും കമ്പനികൾ ആവശ്യപ്പെടാറുണ്ട്.

**അസ്വാഭാവിക മരണം:**

പോളിസി എടുത്ത് ഒരു വർഷത്തിനുള്ളിൽ പോളിസി ഉടമ ആത്മഹത്യ ചെയ്യുന്ന സന്ദർഭങ്ങളിൽ പോളിസി അസാധുവാകുന്നതിനാൽ ക്ലെയിം ലഭിക്കില്ല. അസ്വാഭാവിക മരണം സംഭവിക്കുന്ന ഘട്ടങ്ങളിൽ പൊലീസ് ഇൻക്വസ്റ്റ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ കൂടി ക്ലെയിമിനോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. അപകട മരണങ്ങൾ ഉണ്ടാകുമ്പോൾ സം അഷേർഡ് തുകയേക്കാൾ കൂടുതൽ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ എടുത്തിട്ടുള്ള പോളിസികളിൽ അപകടം സംബന്ധിച്ച പ്രാഥമികവിവരറിപ്പോർട്ടും മറ്റു വിവരങ്ങളും അധികമായി നൽകാനും ശ്രദ്ധിക്കണം. വ്യക്തികളെ കാണാതാകുന്ന സന്ദർഭങ്ങളിൽ മരണം സംഭവിച്ചുവെന്ന് അനുമാനിച്ച് ക്ലെയിം സമർപ്പിക്കാൻ ഇന്ത്യൻ എവിഡൻസ് നിയമപ്രകാരം പ്രാഥമികവിവര റിപ്പോർട്ട് സമർപ്പിച്ച് ഏഴുവർഷം കഴിയേണ്ടതുണ്ട്. മാത്രമല്ല, വ്യക്തി മരണപ്പെട്ടുവെന്ന് അനുമാനിക്കാമെന്നുള്ള കോടതിവിധിയും ആവശ്യമാണ്....

**ഒരു പരാതി ഉണ്ടെങ്കിൽ**

നിങ്ങൾക്ക് ഒരു പരാതി ഉണ്ടെങ്കിൽ ആദ്യം ഇൻഷുറൻസ് കമ്പനിയിൽ രജിസ്റ്റർ ചെയ്യണം. കമ്പനിയുടെ പരിഹാരത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ www.igms.irda.gov.in എന്ന വെബ് സൈറ്റിൽ കയറി നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. അല്ലെങ്കിൽ IRDA യുടെ കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് നിങ്ങളുടെ അപേക്ഷ രേഖാമൂലം സമർപ്പിക്കാവുന്നതാണ്. IRDA യിൽ ഒരു പരാതി രജിസ്റ്റർ ആയാൽ 15 ദിവസത്തിനുള്ളിൽ പരാതി പരിഹരിക്കുവാൻ ഇൻഷുറൻസ് കമ്പനികൾക്ക് നിർദേശം നൽകുന്നു. കൂടാതെ ആവശ്യമെങ്കിൽ ഇൻഷുറൻസ് ഓംബുഡ്സ്മാന് പരാതി നല്കുവാനും നമുക്ക് കഴിയും

ഒരു സംഭവ കഥയിലൂടെ തുടങ്ങിയ ഈ ചെറിയ ലേഖനം മറ്റൊരു സംഭവ കഥയിലൂടെ തന്നെ അവസാനിപ്പിക്കാം. സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനായ ഒരു സുഹൃത്ത് എന്റെ നിരന്തരമുള്ള അഭ്യർത്ഥന കാരണം ഒരു മണി ബാക്ക് പോളിസി എടുത്തു. അതിനൊപ്പം തെറ്റില്ലാത്ത തുകയുടെ ഒരു ടേം ഇൻഷുറൻസ് പോളിസി കൂടി എടുപ്പിച്ചു. കൃത്യമായി അടയ്ക്കുമെന്നു എനിക്ക് വലിയ വിശ്വാസമുായിരുന്നില്ലെങ്കിലും അദ്ദേഹം ഏഴു വർഷത്തോളം കൃത്യമായി തന്നെ അടച്ചു. പക്ഷെ ദുരിതം കാത്തിരുന്നത് ബൈക്ക് ആക്സിഡന്റിന്റെ രൂപത്തിൽ ആയിരുന്നു. ഏകദേശം ഒരു മാസത്തോളം കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ നടത്തി എങ്കിലും 34–ാം ദിവസം അദ്ദേഹം മരണത്തിന് കീഴടങ്ങി. ഒരു മാസത്തിന് ശേഷം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് ആവശ്യമുള്ള രേഖകൾ വാങ്ങി ക്ലെയിം ചെയ്തു.

അധികം താമസിക്കാതെ അദ്ദേഹത്തിന്റെ മണി ബാക്ക് പോളിസിയുടെ ക്ലയിമും അതിനോടൊപ്പം നിർബന്ധിച്ചു എടുപ്പിച്ച ടേം ഇൻഷുറൻസ് പോളിസിയുടെ ക്ലയിമും അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെ അക്കൗണ്ടിൽ എത്തുകയുണ്ടായി (ഏതാണ്ട് 20 ലക്ഷത്തോളം രൂപ). രണ്ടു പെണ്മക്കൾ അടങ്ങുന്ന അദ്ദേഹത്തിന്റെ കുടുംബം ഇന്ന് അദ്ദേഹത്തിന്റെ അഭാവത്തിലും വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കാതെ ജീവിക്കുന്നു.

**വാൽകഷണം**

ആരോഗ്യം ഉള്ളപ്പോൾ മാത്രമേ ഇൻഷുറൻസ് പൂർണതോതിൽ എടുക്കുവാൻ സാധിക്കുകയുള്ളു. നിങ്ങളുടെ ആവശ്യങ്ങൾ ഒരു ഇൻഷുറൻസ് അഡ്വൈസറുമായി സംസാരിക്കുക. അദ്ദേഹത്തിന് നിങ്ങളെ സഹായിക്കാൻ പറ്റും.

**പദപ്രശ്നം 6 ശരിയുത്തരം**

| | | | | | | | |
|---|---|---|---|---|---|---|---|
| | | 1 ക | ളി | വി | ള | ക്ക് | |
| | 2 ക | ലാ | മ | ണ്ഡ | ലം | | |
| 3 പൊ | ന്നാ | നി | 4 കേ | ശി | നി | | |
| 5 ചേ | ണ്ടി | 6 ല | ളി | 7 ത | 8 ക | | |
| | | യം | | 9 പ | ച്ച | | |
| | | | | സാ | 10 മ | ദ്ദ | ളം |
| | 11 തി | ര | നോ | ട്ടം | ണി | | |
| | 12 ര | തി | വി | ര | തി | | |
| | ശീ | | | | | | |
| | ല | | | | | | |

**പദപ്രശ്നം 6 : ശരിയുത്തരം അയച്ചവർ**

1. **ഗിരിജ എൻ നമ്പൂതിരി,** വടുതലായിൽ ഇല്ലം , കുടക്കച്ചിറ
2. **രമാദേവി അന്തർജനം,** തോട്ടത്തിൽ ഇല്ലം , എഴാച്ചേരി
3. **മായാ നമ്പൂതിരി,** കൈപ്പുഴ ഇല്ലം, വലിയകുളങ്ങര, ഓച്ചിറ.
4. **ഡോ. ഹരിശർമ്മ,** പറഞ്ചിക്കാട്ട് ഇല്ലം ,അണ്ടൂർ.
5. **ഉണ്ണികൃഷ്ണൻ** , കീശ്ശേരി ഇല്ലം , കൈതാരം , വടക്കൻ പറവൂർ .
6. **കെ . എൻ . നന്ദകുമാരി ,** തരംഗിണി , ശൂരനാട് , ഓച്ചിറ .
7. **ശാന്ത സുനിൽ,** എഫ് 13, നിംബസ് ക്ളൗഡ് വില്ലാസ്, മുരുക്കുംപുഴ , തിരുവനന്തപുരം

**ശരിയുത്തരമയച്ച എല്ലാ കഥകളിപ്രേമികൾക്കും അഭിനന്ദനങ്ങൾ**

# A FINE MORNING

*-A. K. N. Elayath, Prasanthi,*
*Kuruvelil Illom, Vaikom*

Kissing the chilly morning air
Sun blesses the sleeping nature,
Giving out an invigorated odour,
And warms the dull atmosphere…

Chasing after the green meadows
The Sunrays play hide and seek;
Dew -drop that remains glisten
As it reflects the fervour back.

Laden with various perfumes
Of a brilliant cordial morning;
It upheaves the surroundings
With a nice calm breeze going.

With fragrance of cooked onion
And promise of a delicious curry,
Wafting through the whole lawn,
The place owns a peculiar beauty.

From all around there was heard,
Many sweet resonances of nature,
From the throats of many a bird,
And of the worlds bizarre.

With sounds of energy rising,
The quarters looked agreeable
Immersed in a bright sunshine,
It seemed pleasant everywhere.

Labourers are then seen going
With their tools for work
Toiling bitterly for a living.
With a satisfied confident walk.

Just above flew a winged fleet
Struggling for its extinction;
And there lies the happy Tom cat
Relishing the warm morning Sun.


Siren from the municipal office,
Makes people bother about time;
And urges everyone to be more fast,
It shows the worth of time.

Seeing around, eyes half-closed
Listening but noticing nothing;
There I sat completely relaxed,
Enjoying that zealous Sunshine.



ഓരോരോ സന്ദേശമേകുന്നതുണ്ടെനി-
യ്ക്കോരോ ലതയിലെ പൂങ്കുലയും.

# തിരുവനന്തപുരം ജില്ലാ വാർഷികം





















## വേളി

### വിമൽശർമ & അഞ്ജന

ഡോ.വിമൽശർമയും (ആണ്ടൂർ ശാഖയിൽ പറഞ്ചിക്കാട്ട് ഇല്ലത്ത് ഹരിശർമ ജയശ്രീ ദമ്പതികളുടെ മകൻ) അഞ്ജനയും (കൂത്താട്ടുകുളം ശാഖയിൽ പാമ്പാക്കുട ചിറപ്പുറത്തില്ലത്ത് ശ്രീ സി. എൻ ഉണ്ണികൃഷ്ണൻ ഇളയതിന്റെയും ശ്രീമതി ഗിരിജ ഉണ്ണികൃഷ്ണന്റെയും പുത്രി) .ഇവർ തമ്മിലുള്ള വിവാഹം 25/11/2019 തീയതി വധൂഗൃഹത്തിൽ വച്ച് നടന്നു



## വേളി

### വിനീത് ശർമ & ശ്രുതി

വിനീത് ശർമയും (ആണ്ടൂർ ശാഖയിൽ പറഞ്ചിക്കാട്ട് ഇല്ലത്ത് ഹരിശർമ ജയശ്രീ ദമ്പതികളുടെ മകൻ) ശ്രുതിയും (ആലുവ പെരുന്തോട്ടത്ത് ഇല്ലത്ത് ശ്രീ പി.കെ ചന്ദ്ര ശേഖരൻ ഇളയതിന്റെയും ഗിരിജ അന്തർജനത്തിന്റെയും പുത്രി) ഇവർ തമ്മിലുള്ള വിവാഹം 23/11/2019 തീയതി വധൂഗൃഹത്തിൽ വച്ച് നടന്നു



## വേളി

### ശ്രീകാന്ത് & ഹരിപ്രിയ


എറണാകുളം ജില്ലയിൽ നോർത്ത് പറവൂർ ഏഴിക്കര പറപ്പിള്ളി ഇല്ലത്തു ശ്രീ നാരായണൻ ഇളയതിന്റെയും ലീലാമണി അന്തർജ്ജനത്തിന്റെയും പുത്രൻ ശ്രീകാന്തും ഹരിപ്പാട് കണ്ഠത്തിൽ മഠം ശ്രീ എം. സ് രാജുവിന്റെയും ശ്രീകലയുടെയും പുത്രി ഹരിപ്രിയയും തമ്മിലുള്ള വേളി 03-11-2019ന് ഹരിപ്പാട് ഭവാനി കല്യാണ മണ്ഡപത്തിൽ വച്ചു മംഗളമായി നടന്നു



## വേളി

### സവിത & അരുൺ കൈലാസ്

ആലപ്പുഴ നീലംപേരൂർ വെണ്ണുമന ഗോകുലം ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടേയും ലതയുടെയും പുത്രി സവിതയും തൃശ്ശൂർ പൂങ്കുന്നം മൈലക്കോടത്ത് മന (ദേവലയം) പുരുഷോത്തമൻ നമ്പൂതിരിയടെയും അംബികയുടെയും പുത്രൻ അരുൺ കൈലാസും തമ്മിലുള്ള വേളി 2019 ഒക്ടോബർ 27–ാം തീയതി ചങ്ങനാശ്ശേരി കീഴ്ക്കുളങ്ങര മഹാദേവർ ക്ഷേത്രത്തിലെ ശിവഗംഗ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.



## 24 – ാമത് വിവാഹവാർഷികം

### വേണുഗോപാൽ നമ്പൂതിരി & ഓമന

10/12/2019ന് 24–ാമത് വിവാഹ വാർഷികം ആഘോഷിച്ച പാലാ മേവട മണിമല ഇല്ലത്ത് വേണുഗോപാൽ നമ്പൂതിരിയും സഹധർമിണി ഓമന വേണുഗോപാലും..

*ആശംസകളോടെ മക്കൾ വിഷ്ണു, ജിഷ്ണു.*



## അന്നപ്രാശം

### നീരവ്

തൊടുപുഴ ഇടവെട്ടി തോട്ടത്തിൽ ഇല്ലത്ത് അമൽ ശ്രുതി ദമ്പതിമാരുടെ മകൻ നീരവിന്റെ അന്നപ്രാശം (ചോറൂണ് ) 2019 ഡിസംബർ 1–ാം തീയതി (1195 വൃശ്ചികം 15) ഞായറാഴ്ച തോട്ടത്തിൽ ഇല്ലത്ത് വെച്ച് സമുചിതമായി നടന്നു.



## അന്നപ്രാശം

### ഹിരൺമയി

തട്ടക്കുഴ തോട്ടത്തിൽ ഇല്ലത്ത് നാരായണൻ ഇളയതിന്റെയും സുഷമയുടെയും പൗത്രിയും കാരിക്കോട് ഇടമന ഇല്ലത്ത് ഹരിശർമ്മയുടെയും ശൈലജയുടെയും ദൗഹിത്രിയും, ഹരീഷിന്റെയും അപർണ്ണയുടെയും മകളുമായ ഹിരൺമയിയുടെ അന്നപ്രാശം 2019 നവംബർ 10ന് തൃശ്ശൂർ തിരുവമ്പാടി ക്ഷേത്രത്തിൽ വച്ച് നടന്നു.



## സപ്തതി

### ബ്രഹ്മശ്രീ രാമകൃഷ്ണൻ ഇളയത്

2019 നവംബർ 26ന് സപ്തതി ആഘോഷിച്ച ഗുരുവായൂർ കിഴക്കേടത്ത് ഇല്ലത്ത് ശ്രീ രാമകൃഷ്ണൻ ഇളയതിന് **ആശംസകളോടെ**

സഹധർമ്മിണി, മക്കൾ

മരുമക്കൾ, പേരക്കുട്ടികൾ

# സമസ്യാപൂരണങ്ങൾ

**അമ്പാർന്നേകാം പഴം , പാ,ലട,മല, രവലും, നൽക്കരിമ്പും യഥേഷ്ടം ,**
**സംപ്രീത്യാ തിന്നു വീർപ്പിക്കുക കുടവയറും പിന്നെ മന്ദം തലോടി ,**
**മുമ്പിൽ കുമ്പിട്ടു നിൽക്കുന്നിവരിൽ മടിവെടിഞ്ഞൊന്നു നോക്കീട്ടു വേഗം**
**തുമ്പിക്കൈകൊണ്ടു താങ്ങീട്ടഭയകരമണക്കേണമേ തമ്പുരാനേ.**

**ഗിരിജ എൻ നമ്പൂതിരി** , വടുതലായിൽ ഇല്ലം , കുടക്കച്ചിറ

**കമ്പം കൂടാതെ വീണ്ടും ശബരിഗിരിയണഞ്ഞയ്യനെ കൈ വണങ്ങാ –**
**നിമ്പം ചിത്തത്തിലേറ്റാൻ,ഹരിഹരഭജനം നിത്യവും ചെയ്തശേഷം ,**
**കുമ്പിട്ടാ പമ്പവിഘ്നേശനെയഭയമപേക്ഷിച്ചു മേടേറിടുമ്പോൾ**
**തുമ്പിക്കൈകൊണ്ടു താങ്ങീട്ടഭയകരമണക്കേണമേ തമ്പുരാനേ.**

**ടി. എൻ. എൻ. ഇളയത്**, താഴൂര് കിഴക്കേ ഇല്ലം, കുമ്മനം

**മുമ്പിൽ ശ്രദ്ധാ തടസ്സം , മടിയതി കലശൽ, പോര നിദ്രാഭിലാഷം**
**കമ്പം ക്രീഡാരസത്തിൽ , കളിയൊരു ശകലം കൂടുതൽ ഫോണിലെന്നും**
**എമ്പാടും വിഘ്നമാണേ അറിവൊരു പൊടി ഞാൻ നേടുവാനായ് ശ്രമിച്ചാൽ**
**തുമ്പിക്കൈകൊണ്ടു താങ്ങീട്ടഭയകരമണക്കേണമേ തമ്പുരാനേ.**

**ഹരികുമാർ** , പാണാട്ടില്ലം , കുറിച്ചിത്താനം

**വിത്തത്തിൻ ദാസിയായ് വിദ്യ  അറിവിനധികാരത്തിനോടുന്നമായി.**
**സത്യം ധർമ്മം അഹിംസാദികളിവിടെ മനുഷ്യനു വേണ്ടാതെയായി.**
**കാമ്പില്ലിന്നീവിധം വാഴുവതിനിനി, തളർന്നീടു മെൻ മേനിയേയും.**
**തമ്പിക്കൈകൊണ്ടുതാങ്ങീട്ടഭയകരമണയ്ക്കേണ മേ തമ്പുരാനേ.**

**രാജീവ് പി.** പാണാട്ടില്ലം, കുറിച്ചിത്താനം

**മസ്യാകാരന്റെ പൂരണം**

**അമ്പോ , വന്നെത്തിയല്ലോ പ്രളയഭയകരം താണ്ഡവം നാട്ടിലെങ്ങും ,**
**എമ്പാടും കേറിവെള്ളം,ഭവനമൊരുകുടം പോലെ ചാഞ്ചാടിടുമ്പോൾ,**
**വമ്പേറും പ്രവാഹക്കരമുടയകളിപ്പാവയായ് ത്തീർന്നിടുമ്പോൾ,**
**തുമ്പിക്കൈകൊണ്ടു താങ്ങീട്ടഭയകരമണക്കേണമേ തമ്പുരാനേ.**

**വി എൻ വാസുദേവൻ ഇളയത്**,
വാളമറ്റത്തില്ലം,കോതമംഗലം

**അടുത്ത സമസ്യ**

**'പദം വണങ്ങി മൗലിയിൽ തൊടുന്നു ഞങ്ങളാദരാൽ'**

**വൃത്തം: പഞ്ചചാമരം**

**ലക്ഷണം : ലഗം ലഗം നിരന്നു പത്തുമാറു പഞ്ചചാമരം**

**അല്ലെങ്കിൽ  : ജരം ജരം ജഗംനിരന്നു പഞ്ചചാമരം വരും**


**അയച്ചുകിട്ടേണ്ട അവസാന തീയതി : ഫെബ്രുവരി 15**

**സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ**
**ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ**
whatsapp **നമ്പറിലോ അയക്കാം.**

# ഓം നമോ ഭഗവതേ വാസുദേവായ

ഇന്ദിരാദേവി, തിരുമംഗലത്തില്ലം
9605571378

കംസന്റെ  കാരാഗൃഹത്തിനുള്ളിൽ
വിശ്വാവതാരമെടുത്ത നാഥാ,
വസുദേവദേവകീ പ്രാർത്ഥനയാൽ
ശിശുരൂപം പൂണ്ടൊരു വാസുദേവാ
അമ്പാടിതന്നിൽ വളർന്ന ദേവാ
അംബക്ക് സോദരനായ ദേവാ.
പൂതനാനിഗ്രഹം ചെയ്ത നാഥാ
ശകടാതൃണാവർത്തനാശ ദേവാ
കാളിയദർപ്പ ശമന നാഥാ,
കാളിയമർദ്ദന വാസുദേവാ.
ഗോവർദ്ധനത്തെയെടുത്ത ദേവാ,
ഗോപികൾക്കാശ്രയമായ ദേവാ.
രാസലീലക്കാഴ്ച തന്ന നാഥാ,
രാധാ പ്രണയ വാസുദേവാ.
ഗോപീഹൃദയനിവാസ ദേവാ,
ഗോപികൾ കൂട്ടരായുള്ള ദേവാ.
മല്ലനെ നിഗ്രഹം ചെയ്ത നാഥാ,
ചാണൂര നാശനം ചെയ്ത നാഥാ.
കംസവധം ചെയ്ത ലോകനാഥാ.,
മഥുരയെ കാത്തൊരു വാസുദേവാ.
മന്മഥ ലീല തുടർന്ന ദേവാ,
മാതാപിതാക്കളെ കാത്തനാഥാ.
രുക്മിണീ സ്വീകാര്യം ചെയ്ത നാഥാ,
ലക്ഷ്മീ നാരായണ കാത്തിടേണേ



# രഥിയാവണം

ശാസ്ത്രം നൽകിയ പടിയിലിരുന്ന്
കാലം നൽകിയ കാഴ്ചകൾ കണ്ടു
അത്ഭുതമെന്ന് പറഞ്ഞുനടന്നു
അരുതുകളകമേയൊഴുകി നടന്നു

വിഷയസുഖാമയ കടവിലിരുന്ന്
വിജയരസത്താൽ കുളിരു പകർന്നു
വിശ്രുതമെന്ന് വിളിച്ചു പറഞ്ഞു
വിരുതുകളേറിയ വികൃതി പരന്നു

കാമിനിമാരുടെ പിടിയിലമർന്ന്
കനകപുരങ്ങളിലോടി നടന്നു
കളകളനാദമിതെന്നുരചെയ്തു
കർമ്മഫലങ്ങളെയാകെ മറന്നു

ഗീതപദാമൃത നടയിലിരുന്ന്
ചിത്പുരുഷൻ കഥയിന്നു മൊഴിഞ്ഞു
ആത്മാന്വേഷണ രഥമതിലേറി
മിഴികൾ തുറന്നു പറന്നുനടന്നു

**സെൻ**









2019 ഡിസംബർ 8 –ാം തീയതി എം.ബി.എസ്.കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഗീതാ ദിനാഘോഷപരിപാടിയിൽ ആദ്ധ്യാത്മികാചാര്യൻ ബ്രഹ്മശ്രീ വൈകുണ്ഠപ്രഭു പ്രഭാഷണം നടത്തി. അന്നേദിവസം സമാജം ആസ്ഥാനമന്ദിരത്തിൽ നടന്ന യോഗത്തിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേറ്റ ശ്രീമതി നിർമ്മലാ ദിവാകരനെ ആദരിക്കുകയും ബ്രഹ്മശ്രീ വാർഷികപ്പതിപ്പിന് ആകർഷകമായ മുഖചിത്രം ഹൃദ്യ കൃഷ്ണയെ അഭിനന്ദിക്കുകയും ചെയ്തു. ഇരുവർക്കും സമാജത്തിന്റെ ഉപഹാരങ്ങളും നൽകി.

ശ്രീകൃഷ്ണൻ അർജ്ജുനനോട്

യത്തുകാര്യം ഭവേത് കാര്യം
കർമ്മണാ തത്സമാചര;
ഹീന ചേഷ്ടസ്യേയഃ ശോകഃ
സഹി ശത്രുർ ധനഞ്ജയ

അർജ്ജുനാ, ചെയ്യേണ്ടത് ചെയ്ത് തീർക്കുക. പ്രവർത്തിക്കാൻ വൈമുഖ്യമുള്ളവന് നേരിടേണ്ടി വരിക ശോകമെന്ന ശത്രുവിനെയാണ്.

*മഹാഭാരതം 7 – 80 – 8*

## എന്റെയല്ലെന്റെയല്ല!

എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും മക്കളേ
നിങ്ങൾ തൻ കുണ്ഠിതം കാൺമതിൽ ഖേദമു –
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ.
ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ –
നിർഭരനായൊരാളെന്റെയായെന്റെയായ്!
പൊള്ളോ പൊരുളോ പറഞ്ഞു ഞാനന്നെന്ന
ഭള്ളെനിക്കിപ്പോഴുമില്ലൊരു ലേശവും
കാണായതപ്പടി കണ്ണുനീരെങ്കിലും
ഞാനുയിർ കൊള്ളുന്നു വിശ്വാസശക്തിയാൽ!

പണ്ടത്തേ മേശാന്തി (തെരഞ്ഞെടുത്ത കവിതകൾ)
അക്കിത്തം

# സി എസ് ജനുവരിയിലെ ഒരു ഓർമ്മ...



*ശ്രീകാന്ത് എസ് ശ്രീലകം*
*കോട്ടയം ജില്ലാ*
*ജോയിന്റ് സെക്രട്ടറി*
*9447193066*

2019 ജനുവരി 6 ഞായറാഴ്ച...

പുലർച്ചെ 5 മണിക്ക് കോളിങ്ബെൽ കേട്ടാണ് ഉണർന്നത് . അതിന് മുൻപ് മൊബൈലുകൾ ശബ്ദിച്ചെങ്കിലും അറിഞ്ഞില്ല. വാതിൽ തുറന്നു നോക്കിയപ്പോൾ കണ്ണനാണ്. ഇടറുന്ന ശബ്ദത്തിൽ അദ്ദേഹം പറഞ്ഞു. ' സി എസ് പോയി'. ഉറക്കച്ചടവിൽ കേൾക്കാതെ വീണ്ടും മൂളി എന്താ?. ചെമ്പിലെ ഉണ്ണിച്ചേട്ടൻ...... പറഞ്ഞു മുഴുമിപ്പിക്കും മുൻപേ വരാന്തയിലെ തറയിലേക്ക് തളർന്നിരുന്നു ...... മനസ്സിനോട് ചോദിച്ചു... എന്താ പറഞ്ഞത് എന്താണ്കേട്ടത് എന്ന്.... അന്ന് രാവിലെ 9 നു കവലയിൽ വരും...ആണ്ടൂർ ശാഖാ യോഗത്തിൽ പങ്കെടുക്കണം. ഉച്ചയ്ക്ക് ഊണിനു ശേഷം കോത്തല ശാഖയിലേക്ക് പോകണം. ഞാനും ചെല്ലണം എന്ന് പറഞ്ഞ ആൾ..

1967 കുംഭമാസത്തിലെ ഉത്രാടം നക്ഷത്രത്തിൽ ജനനം മുതൽ 2019 ധനുമാസത്തിലെ പൂരാടം നാളിൽ വിഷ്ണുപാദം പൂകിയത് വരെ സംഭവബഹുലമായ 52 വർഷങ്ങൾ.... എംബിഎസ്സ് അതിന്റെ 90 വർഷത്തെ ചരിത്രം അടയാളപ്പെടുത്തുമ്പോൾ തെല്ലൊരു സങ്കടത്തോടെയും അതിലുപരി തികഞ്ഞ അഭിമാനത്തോടെയും ഓർക്കുന്ന പേര് സി.എസ്. എന്ന സി.എസ്. ഉണ്ണികൃഷ്ണൻ!

ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ചു പ്രവർത്തനം തുടങ്ങിയ എംബിഎസ്സിൽ 1999 ൽ വൈക്കം ശാഖാ പുനഃസംഘടിപ്പിച്ചപ്പോൾ വൈസ് പ്രസിഡന്റായി ഔദ്യോഗിക സംഘടനാ പ്രവർത്തനം ആരംഭിച്ച സി.എസ്. 2000-2003 കാലത്ത് പ്രസിഡന്റായി പ്രവർത്തിച്ചു. എംബിഎസ്സിന്റെ പ്രവർത്തനം സക്രിയമായി വന്ന ഈ സമയത്ത്, 2003-2006 ൽ കേന്ദ്ര ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു എന്നത് അദ്ദേഹത്തിലെ ധിഷണശാലിയായ ഒരു നേതാവിന്റെ ഗുണങ്ങൾ ഓർമ്മപ്പെടുത്തുന്നു. എംബിഎസ്സ് അതിന്റെ അസ്തിത്വം നേടിയെടുത്ത കാലമായിരുന്നു ഇതെന്ന് പറയാതെ വയ്യ. നിരവധിയായ സാമൂഹിക ഇടപെടലുകളിലൂടെ എംബിഎസ്സിനെ മുഖ്യധാരയിൽ എത്തിക്കുവാൻ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ എന്നും സംഘടനയ്ക്ക് മുതൽക്കൂട്ടാണ്. തുടർന്ന് സംഘടനാ പ്രവർത്തനങ്ങൾക്ക് അവധി നൽകി തൊഴിൽപരമായ തിരക്കുകളിലേക്ക് കടന്ന അദ്ദേഹം ഒരു വ്യാഴവട്ടത്തിന് ശേഷം പതിന്മടങ്ങ് ശക്തിയോടെ തിരിച്ചു വന്നു. 2018 ൽ കോട്ടയം ജില്ലാ സെക്രട്ടറി ആയി. കോട്ടയം ജില്ലയെ എംബിഎസ്സിന്റെ ഈറ്റില്ലമാക്കി മാറ്റിയ നേതാക്കളുടെ പേരിനൊപ്പം മുൻനിരയിൽ ഉയരുന്ന പേരാണ് സി എസ്സിന്റേത്.

പ്രതിപക്ഷ സ്വരങ്ങൾക്കായി കാതോർത്ത് വിയോജിപ്പിലും യോജിപ്പിന്റെ വശം കണ്ടെത്തി എം ബി എസ്സിനെ ഒരു ചരടിലെ മുത്തുകൾ പോലെ കോർത്തെടുക്കുവാൻ ഉള്ള പ്രവർത്തനങ്ങൾക്ക് ബീജാവാപം ചെയ്തത് സി എസ്സാണ് എന്നതിൽ തർക്കമില്ല. നിലവിലുള്ള എംബിഎസ്സ് കേന്ദ്ര ജില്ലാ നേതൃത്വങ്ങൾ രൂപം കൊള്ളുന്നതിൽ ഇത് പ്രകടമായിരുന്നു. ഒരു ആൾക്കൂട്ടത്തിനപ്പുറം വ്യക്തമായ പരിപാടികളുള്ള ഒരു സാമൂഹിക സംഘടനയായി എംബിഎസ്സിനെ മാറ്റുന്നതിലേയ്ക്ക് സി എസ്സിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട നയരേഖ എംബിഎസ്സിന് എക്കാലവും മാർഗ്ഗദീപമാണ്. അദ്ദേഹത്തിന്റെ ആഗ്രഹം സഫലീകരിക്കുവാൻ എംബിഎസ്സ് ഇന്ന് ഒറ്റകെട്ടായി പ്രവർത്തിച്ചു വരുന്നു. എംബിഎസ്സിൽ അദ്ദേഹം ഒഴിച്ചിട്ട കർമ്മമണ്ഡലം ഇന്നും ശൂന്യമായി തന്നെ നിലനിൽക്കുന്നു. എങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളും പരിപാടികളും അതിന്റെ എല്ലാ അന്ത:സത്തയും ഉൾക്കൊണ്ട് കൊണ്ട് സഫലീകരിക്കുന്നതിന് ശക്തമായ പ്രവർത്തനമാണ് നടന്നു വരുന്നത്.

സി എസ്സിന്റെ കുടുംബാങ്ങങ്ങളെ നെഞ്ചോട് ചേർത്ത് എംബിഎസ്സ് എല്ലാകാലത്തും പരിപാലിച്ചിട്ടുണ്ട്. അവർക്കുണ്ടായ നഷ്ടത്തിനപ്പുറം ഒന്നുമില്ല എന്ന യാഥാർഥ്യവും അവരോടൊപ്പം എന്നും എംബിഎസ്സ് ഉണ്ടാവും എന്ന സത്യവും ഓർമിക്കാതെ വയ്യ. അതിരുകളില്ലാത്ത ആശയവിനിമയമാണ് സംഘടനാ പ്രവർത്തനത്തിന്റെ ആദ്യപാഠമെന്ന് നമ്മെ പഠിപ്പിച്ച, മൈക്രോസ്കോപ്പിക്ക് മൈനോരിറ്റിയായ ഒരു ജനതയ്ക്കും സമൂഹത്തോട് ഉറക്കെ ചിലത് പറയാനുണ്ട് എന്ന് നമ്മെ ഉദ്ബോധിപ്പിച്ച, ഈ ലോകത്തെ പരമമായ വികാരം സ്നേഹമാണെന്നു കാണിച്ചുതന്ന, നവീന ആശയങ്ങളും ചിന്താധാരകളും അണികളിലേയ്ക്ക് പകരുന്ന ഊർജ്ജമാണ് നേതൃത്വത്തിന്റെ കടമ എന്ന് തെളിയിച്ച, സ്നേഹനിധിയായ ഉണ്ണിച്ചേട്ടനെ ഒരു നൊമ്പരത്തോടെ ഓർമ്മിക്കുന്നു.

എംബിഎസ്സ് അതിന്റെ ചടുലമായ വഴിത്താരകളിലൂടെ നടത്തം തുടങ്ങുന്ന വേളയിൽ താങ്കൾ കൂടെയില്ലല്ലോ എന്ന ദുഃഖം മാത്രം.... മാർഗ്ഗദീപമായി എന്നും എംബിഎസ്സിന്റെ വഴിത്താരകളിൽ ഒരു ശുഭ്രനക്ഷത്രമായി സി.എസ്സെ താങ്കൾ തിളങ്ങി നിൽക്കുന്നു..... പ്രോജ്വല സ്മരണകൾക്ക് മുന്നിൽ എംബിഎസ്സിന്റെ പ്രണാമം.



ലോകത്തിൽ ക്ഷതിയില്ല പുണ്യചരിത-
ന്മാർക്കെന്നു കേൾക്കുന്നിതേ

## പദപ്രശ്നം 7

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | | | | 3 |
| 4 | | 5 | | | 6 | |
| | 7 | 8 | 9 | | | |
| 10 | | | 11 | | | 12 |
| | | | 13 | 14 | | |
| | | 15 | | | 16 | 17 |
| 18 | 19 | | | 20 | 21 | |

**മേൽപ്പോട്ട്**

5. ചക്കുളത്തു കാവിൽ ഇങ്ങനെയൊരു പൂജയുണ്ട് (2)
11. പാറയിലും തടിയിലും തുളയുണ്ടാക്കാൻ ഇത് ഉപയോഗിക്കും (3)
13. പാല് തിളക്കുമ്പോളും സോപ്പിൽ വെള്ളം ചേർക്കുമ്പോഴും ഇത് ഉണ്ടാകും (2)
16. വിദ്യയാണ് ഏറ്റവും വലിയ .......... (2)
19. കശ്യപന്റെ പുത്രൻ. പാണ്ഡവന്മാർക്ക് സഭാഗൃഹം പണിതുകൊടുത്തത് ഇദ്ദേഹമാണ് (3)
20. രാമായണത്തിലെ ഒരു പ്രധാന കഥാപാത്രം (4)
21. ഭഗവതിയുടെ മറ്റൊരു നാമം (2)

**വലത്തോട്ട്**

1. ഇന്ത്യയിലെ റോക്കറ്റ് വിക്ഷേപണത്തറ എവിടെയാണ് (5)
1. വിഷ്ണു (2)
4. പോലീസിലും ഇവരുണ്ട്(2)
4. ദക്ഷിണ ഭാരതത്തിലെ ശൈവ മത പ്രചാരകന്മാരായ യോഗികളെ ഇങ്ങനെയും വിളിക്കാറുണ്ട്.(4)
6. ചില പൂജകൾക്ക് ഇത് വരക്കാറുണ്ട്(2)
7. ഒരു യൂറോപ്പിയൻ രാജ്യം(2)
9. മയന്റെ പുത്രിയും ദാരുകന്റെ ഭാര്യയുമാണ് (4)
10. ഭരദ്വാജ മഹർഷിയുടെ പുത്രൻ(5)
13. വീഴ്ച (3)
18. സുഗ്രീവന്റെ ഭാര്യ (2)
19. പന്ത്രണ്ടു വർഷത്തിലൊരിക്കൽ നടത്തപ്പെടുന്ന ഒരു പുണ്യ മഹോത്സവം (6)

**താഴോട്ട്**

1. ദൈവദശകം എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് (7)
2. കുതിരക്കഴുത്തുള്ള ഒരു അസുരൻ (5)
3. വസ്ത്രങ്ങൾ വടിപോലെയാക്കാൻ ഇത് ആവശ്യമാണ് (3)
8. മറയുടെ ഇംഗ്ലീഷ് വാക്ക് (3)
12. ബ്രാഹ്മണരുടെ പേരിനു മുൻപിൽ ഇങ്ങിനെ ചേർക്കാറുണ്ട്.

**ഇടത്തോട്ട്**

3. ഈ കുട്ടികളെ കണ്ടാൽ ചിലപ്പോൾ ഒരുപോലെയിരിക്കും (3)
6. ഇതുണ്ടെങ്കിലേ സംഗീതമുള്ളൂ (2)
12. ഉപനയനച്ചടങ്ങിന് ഇങ്ങിനെയൊരാൾ വേണം (3)
14. ഒരു ദേവൻ (3)
15. ശ്രീ ബുദ്ധന് ബോധോദയമുണ്ടായത് ഇവിടെ വച്ചാണ് (2)
17. ശ്രീവത്സം മാറിൽ അണിയുന്നവൻ (4)

**അയച്ചുകിട്ടേണ്ട അവസാന തീയതി ഫെബ്രുവരി 15**

ഈ പദപ്രശ്നം തയ്യാറാക്കിയത് :
**വാസുദേവൻ നമ്പൂതിരി,**
പുതുശ്ശേരി ഇല്ലം, കുമ്മണ്ണൂർ .

Name........................................................................................................................

Address....................................................................................................................

Email.........................................................................Mob:..........................................

**അടുത്തുനില്പോരനുജനെ നോക്കാനക്ഷികളില്ലാത്തോർ-ക്കരൂപനീശ്വരനദൃശ്യനായാ-ലതിലെന്താശ്ചര്യം!**

**ഉള്ളൂർ, പ്രേമസംഗീതം**


**വേളിയാലോചന**

HOROSCOPE

| | | | |
|---|---|---|---|
| മ ശി | | ച | |
| | സ്ത്രീജാതകം | | ശു കു |
| | | | ര |
| ഗു | മാ | ല | ബു സ |

**സ്ത്രീജാതകം**
ജനനം: 1996 സെപ്തംബർ 4
**ശിഷ്ടദശ: 8-9-22**
നക്ഷത്രം: രോഹിണി
Education : B.Tech (Civil)
ജോലി : Educated & Employed
ഉയരം: 158 സെ.മി.
Ph: 94955 30134


കാണിക്കാൻ ഭാവമില്ലാരെയും, പിന്നെന്തു
നാണിക്കാനാണിത് കേടുവന്നാൽ ?



**ആദരാഞ്ജലികൾ**

**നങ്ങേലി അന്തർജ്ജനം**


ചെറുതുരുത്തി ദേശമംഗലം കറ്റുവട്ടൂർ ചെമ്പകശ്ശേരി ഇല്ലത്ത് പരേതനായ വാസുദേവൻ ഇളയതിന്റെ ഭാര്യ നങ്ങേലി അന്തർജ്ജനം വിഷ്ണുപാദം പൂകി



**ആദരാഞ്ജലികൾ**

ആലപ്പുഴ ചേർത്തല തുറവൂർ പെരുമന ഇല്ലത്ത് ബ്രഹ്മശ്രീ നീലകണ്ഠ ശർമ്മയുടെ സഹധർമ്മിണി **രാധാമണി അന്തർജ്ജനം** വിഷ്ണുപാദം പൂകി.


( 02-09-2019 )



**ആദരാഞ്ജലികൾ**

**പി. ഡി. നാരായണൻ ഇളയത്**

**കാഞ്ഞിരപ്പള്ളി ആനക്കല്ല് പുതുശ്ശേരിൽ ഇല്ലത്ത് (മുവാറ്റുപുഴ പുതുശ്ശേരി) പി. ഡി. നാരായണൻ ഇളയത് (അപ്പു ചേട്ടൻ) 16-12-2019 ന് വിഷ്ണുപാദം പൂകി**



**ആദരാഞ്ജലികൾ**

കോട്ടയം കുമാരനെല്ലൂർ വടക്കേമഠത്തിൽ **സി എൻ കൃഷ്ണൻ ഇളയത് (82)** വിഷ്ണുപാദം പൂകി.

( 09-12-2019 )



**ഒന്നാം ശ്രാദ്ധദിനം 27 – 12 – 2019**

**സി. എസ്. ഉണ്ണിക്കൃഷ്ണൻ**

**ചുള്ളിമംഗലത്തില്ലം, വൈക്കം**

**ഇന്നു ഞാൻ**
**നാളെ നീ...**

ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നിർ-
ജ്ജീവമാം ദേഹമടക്കിയ പെട്ടിപോയ്
ഇല്ല പെരുമ്പറ, ശുദ്ധയാം വിശ്വസ്ത-
വല്ലഭ തന്നുടെ നെഞ്ചിടിപ്പെന്നിയേ!
ഇല്ല പൂവർഷം, വിഷാദം കിടന്നല-
തല്ലുന്ന പൈതലിൻ കണ്ണുനീരെന്നിയേ!
വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ-
നിന്നുമാറക്ഷരം 'ഇന്നു ഞാൻ നാളെ നീ
ഒന്നു നടുങ്ങി ഞാ, നാ നടുക്കം തന്നെ
മിന്നുമുഡുക്കളിൽ ദൃശ്യമാണിപ്പൊഴും

ജി. ശങ്കരക്കുറുപ്പ്,
ഇന്നുഞാൻ നാളെ നീ



ദിനാന്ത സൂര്യരശ്മി തട്ടിടാത്ത നാട്ടിലൊന്നിൽ നാ-
മനാകുലം സുഖിയ്ക്കുമന്നു കണ്ടിടാം പരസ്പരം

# കുട്ടികൾക്കൊരു പുരാണകഥ

# മാർക്കണ്ഡേയൻ

തിരുമേനി കൈതാരം
9446868008

എന്നും പതിനാറു വയസായിരിക്കാൻ വരം കിട്ടിയ മാർക്കണ്ഡേയന്റെ കഥ പലർക്കും അറിയാമായിരിക്കും എങ്കിലും അറിയാത്തവരുണ്ടെങ്കിൽ അവർക്കു വേണ്ടിയാണീ കഥ പറച്ചിൽ

ഭൃഗുവിന്റെ കുലത്തിലാണ് മൃകണ്ഡുവിന്റെ ജനനം. പുത്രന്മാരില്ലാത്തതിനാൽ വളരെ ദുഖിതനായ അദ്ദേഹം അവസാന ആശ്രയമെന്ന നിലയ്ക്ക് ഭഗവാൻ പരമശിവനെ തന്നെ അഭയം പ്രാപിക്കാൻ തീരുമാനിച്ചു. തപസ്സിനായി കാട്ടിലെത്തിയ അദ്ദേഹം ചുറ്റും നടക്കുന്ന സംഭവങ്ങളൊന്നുമറിയാതെ വളരെക്കാലം കഠിന തപസിൽ മുഴുകി. മൃകണ്ഡുവിന്റെ തപസിൽ സംപ്രീതനായ മഹാദേവൻ അദ്ദേഹത്തിനു മുൻപിൽ പ്രത്യക്ഷപ്പെട്ടു. എന്തു വരം വേണമെന്ന ശിവന്റെ ചോദ്യത്തിന് തനിക്കൊരു പുത്രനെ നൽകണമെന്ന അപേക്ഷ മാത്രമായിരുന്നു അദ്ദേഹത്തിന്.' വെറും പതിനാറു വയസു മാത്രം പ്രായമെത്തുന്ന ബുദ്ധിമാനും ജ്ഞാനിയും ഭക്തനുമായ ഒരു പുത്രനെയാണോ അതോ മൂഢനും അജ്ഞാനിയും ദുർനടത്തക്കാരനും എന്നാൽ ദീർഘായുഷ്മാനുമായ ഒരു പുത്രനെയാണോ വേണ്ടത് ?.ശിവൻ മൃകണ്ഡുവിനോട് ചോദിച്ചു.

മൃകണ്ഡു ഏറെ ആലോചിച്ച് പറഞ്ഞു 'ഭഗവാനെ എനിക്ക്, പതിനാറു വയസു മാത്രം പ്രായമെത്തുന്ന ബുദ്ധിമാനും ജ്ഞാനിയുമായ ഒരു സൽപുത്രനെ നൽകി അനുഗ്രഹിച്ചാലും 'അങ്ങിനെ സംഭവിക്കട്ടെ എന്നരുളിചെയ്തു കൊണ്ട് ഭഗവാൻ അപ്രത്യക്ഷനായി.

അങ്ങിനെ യഥാസമയം മൃകണ്ഡുവിന്റെ പത്നി ഒരാൺകുഞ്ഞിനു ജന്മം നൽകി. ശിവാനുഗ്രഹത്താൽ പിറന്ന കുട്ടിക്ക് അവർ മാർക്കണ്ഡേയൻ എന്നു നാമകരണം ചെയ്തു.വളരെ ബാല്യത്തിൽത്തന്നെ കുഞ്ഞ് അനിതരസാധാരണമായ ബുദ്ധിശക്തിയും വിവേകവും പ്രകടിപ്പിച്ചിരുന്നു.ബാലനായിരിക്കെത്തന്നെ മാർക്കണ്ഡേയൻ തികഞ്ഞ ഈശ്വരഭക്തനും മന്ത്രോച്ചാരണങ്ങളിൽ അതിനിപുണനുമായിത്തീർന്നു. ശിവക്ഷേത്രത്തിൽ പോയി ശിവപൂജയിൽ മുഴുകുക എന്നത് മാർക്കണ്ഡേയന്റെ ഒഴിച്ചുകൂടാനാകാത്ത ഒരു ദിനചര്യയായി മാറി.

കാലം കഴിയവേ അച്ഛനമ്മമാരുടെ സന്തോഷം പതിയെ പതിയെ കുറയുന്നതും അവരുടെ മുഖം എപ്പോഴും വിഷാദമഗ്നമായിരിക്കുന്നതും അതിബുദ്ധിമാനായ ബാലൻ ശ്രദ്ധിച്ചു കൊണ്ടേയിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം അച്ഛനമ്മമാർ കോമളനായ ആ ബാലന്റെ മുഖത്ത് നോക്കി പരിസരം മറന്ന് പൊട്ടിക്കരഞ്ഞു. തന്റെ അച്ഛനമ്മമാർക്ക് താൻ മൂലം എന്തോ ദു:ഖമുണ്ടെന്ന് മനസിലാക്കിയ മാർക്കണ്ഡേയൻ അവരെ ആശ്വസിപ്പിച്ചു കൊണ്ട് വിവരം ആരാഞ്ഞു.കണ്ണീരോടെ മൃകണ്ഡു മാർക്കണ്ഡേയന്റെ ജനനവും തുടർന്ന് മഹാദേവന്റെ വരത്തെപ്പറ്റിയും വിശദമായി മകനെ പറഞ്ഞു കേൾപ്പിച്ചു.

മാർക്കണ്ഡേയൻ മാതാപിതാക്കളെ ആശ്വസിപ്പിച്ചു' എന്നെ നിങ്ങൾക്കു തന്ന ഭഗവാൻ നിങ്ങളോട് ഒരിക്കലും ഇത്രയും ക്രൂരത കാട്ടില്ല ഭഗവാന്റെ പ്രവർത്തികളുടെ അർത്ഥവും വ്യാപ്തിയും നാമെല്ലാം ഊഹിക്കുന്നതിനപ്പുറമായിരിക്കും സമാധാനമായിരിക്കുക .അങ്ങിനെ മാർക്കണ്ഡേയന് പതിനാറ് വയസ് തികയുന്ന ദിവസമെത്തി. യമകിങ്കരന്മാർ മാർക്കണ്ഡേയന്റെ ആത്മാവിനെ യമപുരിക്ക് കൊണ്ടു പോകുന്നതിനായി ഭൂമിയിലെത്തി.അതേ സമയം ശിവപൂജയിൽ മുഴുകിയിരുന്ന മാർക്കണ്ഡേയനെ ഒന്നു സ്പർശിക്കുന്നതിനോ ബന്ധിക്കുന്നതിനോ യമകിങ്കരന്മാർക്ക് കഴിഞ്ഞില്ല. അവർ മടങ്ങി ചെന്ന് യമധർമനെ വിവരമറിയിച്ചു.ഇത് കേട്ട് സാക്ഷാൽ യമധർമ്മൻ തന്നെ നേരിട്ട് ഭൂമിയിലെത്തി.അപ്പോഴും ശിവപൂജയിൽ മുഴുകിയിരുന്ന മാർക്കണ്ഡേയനെ ലക്ഷ്യമാക്കി കാലപാശം വീശിയെറിഞ്ഞു. അതു കണ്ട് മാർക്കണ്ഡേയൻ ശിവലിംഗത്തെ കെട്ടിപ്പിടിച്ചിരിപ്പായി. ക്ഷുഭിതനായ യമധർമ്മൻ ശിവലിംഗത്തേക്കൂടി കാലപാശത്താൽ ചുറ്റി ആഞ്ഞു വലിച്ചു. അതോടെ അതി ഭയാനകമായ ശബ്ദത്തോടെ പൊട്ടിത്തെറിച്ച ശിവലിംഗത്തിൽ നിന്നു മാർക്കണ്ഡേയൻ ദൂരെക്കുനീങ്ങി പോകുകയും സംഹാരരൂപിയായ സാക്ഷാൽ രുദ്രൻ പ്രത്യക്ഷപ്പെടുകയും ചെയ്തു. അദ്ദേഹം തന്റെ മൂന്നാം തൃക്കണ്ണ് തുറന്നു നോക്കിയപ്പോൾ ഉണ്ടായ അത്യുൽക്കടമായ അഗ്നിജ്വാലയിൽപ്പെട്ട് യമധർമ്മൻ കത്തിച്ചാമ്പലായി.മാർക്കണ്ഡേയൻ എന്നെന്നും പതിനാറു വയസുകാരനായി ജീവിക്കുമെന്നും 'അവന് പ്രളയം വരെ മരണമുണ്ടാകില്ലെന്നും ശ്രീ മഹാദേവൻ അനുഗ്രഹിച്ചു. മരണാതീതനായി തീർന്ന പുത്രൻ തിരിച്ചു വന്ന് അച്ഛനമ്മമാരെ ആശ്വസിപ്പിച്ചു.

മാർക്കണ്ഡേയ മഹർഷി ഇന്നും പതിനാറു വയസുകാരനായി ജരാനരകളും ജടാവൽക്കലങ്ങളുമില്ലാതെ വിശ്വം ചുറ്റുന്നുണ്ട് എന്ന് വിശ്വസിക്കപ്പെടുന്നു.

കാലങ്ങൾ കടന്നു പോയി ആയിരം ദിവ്യ വർഷങ്ങൾ യമനില്ലാത്തതിനാൽ ജീവജാലങ്ങൾ മരിക്കാതായി. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിൽ പരിഭ്രമിച്ച മഹാവിഷ്ണു, ബ്രഹ്മാവ്.ദേവേന്ദ്രൻ എന്നിവർ ശിവനെ കണ്ട് പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ ബോദ്ധ്യപ്പെടുത്തി. മൂവരുടെയും അപേക്ഷ പ്രകാരം ശിവൻ യമധർമ്മനെ പുനർജീവിപ്പിച്ചു.ശിവപാദങ്ങളിൽ നമസ്ക്കരിച്ച യമധർമ്മൻ ശിവനോട് ചോദിച്ചു 'ഭഗവാനെ, അവിടുന്നു തന്നെ പതിനാറു വയസിൽ മരിക്കണമെന്ന് വിധിച്ചിരുന്ന മാർക്കണ്ഡേയനെ ഞാൻ കൊണ്ടു പോരാൻ തുടങ്ങുമ്പോൾ, എന്തിനാണ് അവിടുന്ന് എന്നെത്തന്നെ സംഹരിച്ചത്? അവിടുത്തെ ഈ പ്രവർത്തി അധർമ്മമല്ലായിരുന്നോ?'



എന്തുനേടിയെന്നറിയില്ലിളം തലമുറ പക്ഷെ
എന്തു നഷ്ടപ്പെടാനുണ്ടെന്നറിഞ്ഞേ പറ്റൂ .

പുഞ്ചിരിയോടെ ശിവൻ യമധർമ്മനോട് പറഞ്ഞു '' അല്ലയോ ധർമ്മ ദേവാ, അങ്ങ് അക്ഷന്തവ്യമായ ഒരു തെറ്റ് ചെയ്തു. മാർക്കണ്ഡേയൻ പതിനാറു വയസിൽ മരിക്കുമെന്ന് ഞാനൊരിക്കലും പറഞ്ഞിട്ടില്ല' പതിനാറു വയസു മാത്രം പ്രായമെത്തുന്ന പുത്രൻ ' എന്നാണ് ഞാൻ മൃകണ്ഡുവിനു കൊടുത്ത വരം; അതായത് എന്നെന്നും പതിനാറു വയസ് നിലനിൽക്കുന്ന പുത്രൻ എന്നർത്ഥം. മരണം എന്ന വാക്കുപോലും ഞാനുപയോഗിച്ചിട്ടില്ല. എന്നിട്ടുപോലും അങ്ങ് മാർക്കണ്ഡേയനെ മാത്രമല്ല എന്നെയും കൂടി യമ പുരിയിലേക്ക് കൊണ്ടുപോകാമെന്ന് കരുതി

അതിനാൽ അധർമ്മം പ്രവർത്തിച്ചത് അങ്ങല്ലേ? ഞാനാണോ? ശിവ വചനം കേട്ട മഹാവിഷ്ണുവും ബ്രഹ്മാവും ദേവേന്ദ്രനും പൊട്ടിച്ചിരിച്ചു പോയി. തനിക്കു പറ്റിയ അബദ്ധം മനസിലാക്കിയ ധർമ്മദേവൻ, മഹാദേവനോട് സമസ്താപരാധം പറഞ്ഞ് മാർക്കണ്ഡേയന് ധാരാളം വരങ്ങളും നൽകി യമ പുരിയിലേക്ക് മടങ്ങി.

ഗുണപാഠം: അചഞ്ചലമായ ഈശ്വരഭക്തിയുള്ളവന് മരണത്തെ വരെ തോൽപിക്കാനാകും. എന്നു വച്ചാൽ ഈശ്വരഭക്തി കൊണ്ട് സാധിക്കാത്തതൊന്നുമില്ല

# താരാട്ട്

സമ്പാദക : **പാർവതി അന്തർജ്ജനം**
എടമന ഇല്ലം , കാരിക്കോട്, പെരുവ

എൻ മകനേ നീയുറങ്ങ്
പൊൻ മകനേ നീയുറങ്ങ്
ഉമ്മ ഞാനെത്ര തന്നൂ
ഉറങ്ങുവാനമ്മയല്ലേ പറഞ്ഞൂ
കണ്ണും മിഴിച്ചീവണ്ണം കിടക്കുവാൻ
ഉണ്ണീ നിനച്ചിതോ നീ...

വണ്ടുകൾക്കൊത്ത നിന്റെ മിഴികളും
ചുണ്ടും നുണക്കുഴിയും
കണ്ടിടും നേരമെന്റെ മനസ്സിതാ
മണ്ടുന്നു ദൂരെയെങ്ങോ ..

ജോലി തിരക്കി നിന്റെ അച്ഛനും
ഞാനും വയറ്റിൽ നീയും
കാലം കഴിച്ചിടുമ്പോൾ കൊതിച്ചതീ
ക്കാലുകൾക്കാണു ഞങ്ങൾ ..

വേദനയോടുമുണ്ണീ കരഞ്ഞു ഞാ
നാ ദിവസങ്ങളെണ്ണീ
സാദരം ഞാനിരന്നൂ നിധി സുര
പാദപം നീ പിറന്നൂ..

വേകുമെൻ ജീവിതത്തിൻ നടുവിൽ
നീ ജാതനായ് മേവിടുന്നു
രാരിരം രാരിരാരോ രാരാരോ
തങ്കമേ നീയുറങ്ങ്
എൻ മകനേ നീയുറങ്ങ്
പൊൻ മകനേ നീയുറങ്ങ് ...



**ശ്രീലത ജയകുമാർ,**
*നടുവിൽപാറ ഇല്ലം,*
*പറപ്പൂക്കര ശാഖ തൃശ്ശൂർ*
*80782 48373*

# നിൻ മുഖം മാത്രം...

വെണ്ണയുമായുണ്ണി ചാരത്തിരിയ്ക്കവെ
തെല്ലുനേരം ഞാൻ കണ്ണൻെറയമ്മയായ്
ഒരുകൈ തന്നിലായ് വെണ്ണ നൽകീടുമ്പോൾ
മറുകൈ കാട്ടുന്ന കണ്ണനെ കണ്ടുഞാൻ

ദൂരെയായ് പാഴ്മുളം തണ്ടിൽനിന്നീണത്തിൽ
മധുരമാം ഗീതംഒഴുകിയെത്തീടവേ
അറിയാതെ പിന്നിലായ് വന്നന്നു കൺപൊത്തി
'രാധേ'യെന്നോതുന്ന കള്ളനെ ഞാൻ കണ്ടു

ജീവിതയാത്രയിൽ ക്ലേശിച്ചു നിൽക്കവെ
അറിയാതെയെൻ മനം തേങ്ങിക്കരഞ്ഞുപോയ്
പാർത്ഥനു തേരാളിയായവൻ വന്നിന്നു
സൂതനായ് നിന്നെൻെറ ജീവിത പാതയിൽ

കണ്ണാ നിൻമുഖം മാത്രമാണെൻ കണ്ണിൽ
കണ്ണൻെറ കുഴൽനാദം മാത്രമാണെൻ കാതിൽ
കണ്ണനെ പൂജിക്കാൻ പുഷ്പമാണെൻ കയ്യിൽ
കണ്ണാ നിൻ ചരണം മാത്രമെൻ മുന്നിൽ

**മുക്തകം**

**ഹൃദ്രക്താഭ വിളങ്ങിടുന്ന പനിനീർപ്പൂവിന്നു മാറ്റേറ്റിടാൻ**
**തേനോടൊത്തു സുഗന്ധവും പ്രകൃതിതാൻ ചേർത്തങ്ങു വച്ചെന്ന പോൽ**
**ലക്ഷ്മീ ദേവി കണക്കെ ശ്രീയെഴുമിവൾക്കീശൻ കനിഞ്ഞേകി ഹാ!**
**മാധുര്യം വഴിയുന്ന ശബ്ദവും അതോടൊക്കുന്ന ചാതുര്യവും**

**നന്ദൻ താമരശ്ശേരി**

## കേന്ദ്ര വാർത്തകൾ

24. 11. 2019ന് കോട്ടയം എംബിസ് കേന്ദ്ര ഓഫീസിൽ ചേർന്ന 31 അംഗ കേന്ദ്ര ഭരണ സമിതി എടുത്ത തീരുമാനങ്ങൾ :

1. എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച 31 അംഗ സമിതിയും 15 അംഗ സമിതിയും മാറി മാറി ചേരുവാൻ തീരുമാനിച്ചു.

2. കീഴ് ഘടകങ്ങളുമായുള്ള ആശയവിനിമയം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുവാൻ തീരുമാനിച്ചു.

3. ഓഡിറ്റിങ് നടക്കാത്ത ശാഖകളിൽ ജില്ലാ കമ്മറ്റികൾ മുൻകൈയെടുത്ത് എത്രയും വേഗം ഓഡിറ്റിങ് പൂർത്തിയാക്കേണ്ടതാണ്.അതിനു ശേഷം ജില്ലാ കമ്മിറ്റികളുടെ ഓഡിറ്റിങ്ങും നടത്തേണ്ടതാണ്.

4. ഹെഡ് ഓഫീസിന് താഴത്തെ വാടകമുറി നിലവിൽ 7000 രൂപ വാടക 500 രൂപ വർധിപ്പിച് 7500 രൂപ വാടക നിശ്ചയിച് വാടകച്ചീട്ട് പുതുക്കി എഴുതുന്നതാണ്.

5. ബെലോ ഭേദഗതി നിർദ്ദേശങ്ങൾ DTP എടുത്ത് രണ്ടാഴ്ചക്കുള്ളിൽ 31 അംഗ സമിതി അംഗങ്ങൾക്കും ജില്ലാ സെക്രട്ടറിമാർക്കും എത്തിക്കുന്നതാണ്.

6 . 2020 സമാജ കലണ്ടർ വില 25 രൂപാ എന്ന് നിശ്ചയിച്ചു. കലണ്ടർ വിതരണത്തിന്റെ ചുമതല ജില്ലാ സെക്രട്ടറിമാർക്ക് നൽകുവാൻ തീരുമാനിച്ചു. ഓരോ ശാഖയ്ക്കും 5 കലണ്ടർവീതം കൂടുതൽ നൽകുന്നതാണ്.

8. ബ്രഹ്മശ്രീ വാർഷികപതിപ്പിന് മുഖച്ചിത്രം രചിച്ച കുമാരി ഹൃദ്യ കൃഷ്ണ, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി നിർമ്മല ദിവാകരൻ എന്നിവരെ ഡിസംബർ 8 ന് കേന്ദ്ര ഓഫീസിൽ വെച്ച് ആദരിക്കുവാൻ തീരുമാനിച്ചു.

9. തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള 3 കേന്ദ്ര കൗൺസിൽ അംഗങ്ങളുടെ മാറ്റവും, പുതിയ 8 അംഗങ്ങളുടെ പ്രവേശന ലിസ്റ്റും അംഗീകരിച്ചു .

10. ജില്ലാ തല ഓഡിറ്റിങ്ങിന് ചുമതലപ്പെടുത്തിയവർ:

തിരുവനന്തപുരം & എറണാകുളം വി എൻ ദിവാകരൻ, തൃശ്ശൂർ & കോട്ടയം വി എൻ ദിവാകരൻ & KSD ഇളയത്, ഇടുക്കി ടി എൻ ബാബുകുമാർ & അരുൺ കീച്ചേരിൽ, കൊല്ലം ടി എൻ ബാബുകുമാർ

11. ജില്ലാ കമ്മിറ്റി യോഗങ്ങളിൽ കേന്ദ്ര പ്രതിനിധികൾ പങ്കെടുക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തി :

തിരുവനന്തപുരം K ബാലചന്ദ്ര ശർമ്മ, കൊല്ലം മോഹൻകുമാർ, ആലപ്പുഴ V N ദിവാകരൻ, എറണാകുളം. T N ബാബുകുമാർ, കോട്ടയം ശാരദാമണി, തൃശ്ശൂർ K N പരമേശ്വരൻ, പാലക്കാട് ശാന്തകുമാരി, ഇടുക്കി പുരുഷോത്തമൻ നമ്പൂതിരി.

12 . അംഗത്വം, മാസവരി, ബ്രഹ്മശ്രീ, കലണ്ടർ ഇവയുടെ കുടിശ്ശിക അടയ്ക്കുവാനുള്ള ശാഖകൾ എത്രയും വേഗം അടയ്ക്കേണ്ടതാണ്.

13. വരുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ കകക്ഷി രാഷ്ട്രീയം പരിഗണിക്കാതെ, സമാജപ്രവർത്തകർക്ക് ലഭിക്കുന്ന സ്ഥാനാർത്ഥിത്വം പ്രയോജനപ്പെടുത്തി പരമാവധി സ്ഥാനങ്ങളിൽ വിജയിക്കുവാൻ പരിശ്രമിക്കണമെന്ന് തീരുമാനിച്ചു.

### തിരുവനന്തപുരം ജില്ല

മലയാള ബ്രാഹ്മണ സമാജം തിരുവനന്തപുരം ജില്ലയുടെ 13ാം വാർഷിക സമ്മേളനവും കുടുംബ സംഗമവും നവംബർ 10ാം തീയതി തിരുവനന്തപുരം ടെന്നീസ് ക്ലബിലെ ഗോദവർമ്മ രാജാ ഹാളിൽ വച്ച് നടത്തി. ജില്ലാ പ്രസിഡന്റ് ശ്രീ. ഗോപാലകൃഷ്ണ ശർമ്മ അദ്ധ്യക്ഷനായിരുന്നു. സമാജം സംസ്ഥാന പ്രസിഡന്റ് ശ്രീ. TV നാരായണ ശർമ്മ ഭദ്രദീപം കൊളുത്തി ആഘോഷങ്ങൾ ഉത്ഘാടനം ചെയ്തു. സമാജം പ്രവർത്തനങ്ങളിലേക്ക് കൂടുതൽ യുവജനങ്ങൾ കടന്നു വരണം എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവിതാംകൂർ രാജകുടുംബാംഗം അവിട്ടം തിരുനാൾ ആദിത്യവർമ്മ മുഖ്യാതിഥി ആയിരുന്നു. മാതൃഭാഷ പഠിക്കണം, ആചാരങ്ങൾ പാലിക്കണം, നിയമത്തിനെ ബഹുമാനിക്കണം എന്ന് തന്റെ പ്രസംഗത്തിൽ ശ്രീ. ആദിത്യവർമ്മ അഭിപ്രായപ്പെട്ടു.

സമാജ പ്രവർത്തനങ്ങൾ ശക്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകും എന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ദേവൻ ഇളയത് പ്രഖ്യാപിച്ചു. ശ്രീ. ശ്രീവൽസലൻ നമ്പൂതിരി സ്വാഗതം ആശംസിച്ചു. ജില്ലാ സെക്രട്ടറി ശ്രീ. വേണുഗോപാൽ റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാന ട്രഷറർ ശ്രീ. KSD ഇളയത്, വൈസ് പ്രസിഡൻറുമാരായ പ്രൊഫ. ബാലചന്ദ്ര ശർമ്മ, ശ്രീമതി മായാ നാരായണൻ എന്നിവർ ആശംസ പ്രസംഗങ്ങൾ നടത്തി. ജില്ലാ വൈസ് പ്രസിഡന്റ് ഡോ. KUK നമ്പൂതിരി കൃതജ്ഞത പ്രകാശിപ്പിച്ചു. രക്ഷാകർത്താക്കൾ അറിയാൻ എന്ന വിഷയത്തെപ്പറ്റി പ്രമുഖ മന:ശാസ്ത്ര വിദഗ്ധ ഡോ. അദിതി ലഘു പ്രഭാഷണം നടത്തി. സമാജാംഗങ്ങളുടെ തിരുവാതിര, കലാ, കായിക വിനോദങ്ങൾ ഇവയ്ക്കു ശേഷം ഫ്യൂഷൻ മ്യൂസിക് പരിപാടിയും ഉണ്ടായിരുന്നു. രാത്രി 9 മണിയോടെ ആഘോഷങ്ങൾ സമാപിച്ചു

## കോട്ടയം ജില്ലാവാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലാ സമിതിയുടെ ഡിസംബർ മാസ യോഗം 2019 ഡിസംബർ 08 നു സമാജം ഹെഡ് ഓഫീസിൽ വച്ച് ജില്ല പ്രസിഡന്റ് ബാബുകുമാറിന്റെ അധ്യക്ഷതയിൽ നടന്നു. അതിമനോഹരമായ രീതിയിൽ വാർഷിക പതിപ്പ് പുറത്തിറക്കിയ ബ്രഹ്മശ്രീ എഡിറ്റോറിയൽ ബോർഡിനെയും, ജില്ലാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ രണ്ടാമത് നവരാത്രി ആഘോഷത്തിന് ചുക്കാൻ പിടിച്ച സ്വാഗത സംഘത്തിനെയും ജില്ല സമിതി അഭിനന്ദിച്ചു. ജില്ല യുവജനവേദിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 22 മുതൽ 25 വരെ ആണ്ടൂർ ശാഖയിൽ കുടക്കച്ചിറ വിദ്യാധിരാജ സേവമിഷൻ സ്കൂളിൽ വച്ച് സുദർശനം 2019 എന്ന പേരിൽ ഒരു യുവജനക്യാമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ജില്ലാ ഡയറക്ടറി പുറത്തിറക്കുന്നതിനായി വിവരശേഖരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാൻ ശാഖാ ഭാരവാഹികൾക്ക് നിർദേശം നൽകി. കോട്ടയം ജില്ലയുടെ അടുത്ത ജില്ലാ സമ്മേളനം മെയ് മാസത്തിൽ നടത്തുവാനും അതിനോട് അനുബന്ധിച്ചു ജില്ല ഡയറക്ടറി പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചു.



നിസ്സാരമാത്മജ്ഞാനം, ലൗകികവിജ്ഞാനവും
നിസ്വാർത്ഥഭാവത്തിലേ നിർവൃതി നരനുള്ളൂ.

### രാമപുരം ശാഖ

മലയാള ബ്രാഹ്മണ സമാജം രാമപുരം ശാഖയുടെ ഡിസംബർ മാസ യോഗം പള്ളിയാമ്പുറം പെരുമന ഇല്ലത്ത് ശ്രീ പത്മനാഭൻ ഇളയതിന്റെ വസതിയിൽ വച്ച് 01/12/19 ഞായറാഴ്ച 2 pm ന് നടന്നു. തദവസരത്തിൽ ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി ചുമതലയേറ്റ ശ്രീമതി.നിർമ്മല ദിവാകരന്സ്വീകരണം നൽകുകയുണ്ടായി. MBS കേന്ദ്ര പ്രസിഡന്റ് ശ്രീ ടി വി നാരായണ ശർമ്മ ,കേന്ദ്ര ജോയിന്റ് സക്രെട്ടറി VN ദിവാകരൻ ,കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ അരുൺ കീച്ചേരിൽ എന്നിവർ പങ്കെടുത്തു.

### ഗുരുവായൂർ ശാഖ

2019 ഡിസംബർ മാസത്തിലെ മലയാള ബ്രാഹ്മണ സമാജം ഗുരുവായൂർ ശാഖയുടെ പ്രതിമാസ യോഗം 15-12-2019 ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് തൃപ്രയാർ ബ്ലാഹയിൽ ഇല്ലത്ത് നാരായണൻ ഇളയതിന്റെ (കുട്ടേട്ടന്റെ ) ഇല്ലത്ത് വെച്ച് നടത്തി. ശാഖാ പ്രസിഡണ്ട് പുതുമന നാരായണൻ ഇളയത് യോഗത്തിൽ അധ്യക്ഷനായിരുന്നു. ഗൃഹനാഥനായ ബ്ലാഹയിൽ ഇല്ലത്ത് നാരായണൻ ഇളയത് സദസ്സിനെ സ്വാഗതം ചെയ്തു. അജണ്ടകളുടെ വിശദീകരണം ശാഖാ സെക്രട്ടറി പി ഡി പരമേശ്വരൻ നടത്തി. വനിത യുവജനവേദി പ്രവർത്തനങ്ങളെക്കുറിച്ചും, ജനുവരി 5 ന് പി സി വാസുദേവൻ ഹാളിൽ വെച്ച് നടക്കുന്ന സ്മൃതി സദസ്സിലെ പങ്കാളിത്തത്തെ കുറിച്ചും, ജില്ലാ തലത്തിൽ നിന്നു വരുന്ന ഓഡിറ്റിനെക്കുറിച്ചും, സംസ്ഥാനജില്ലാ വിഹിതങ്ങൾ നൽകുന്നത് അംഗീകരിക്കുന്നതിനെക്കുറിച്ചും മെമ്പർഷിപ്പ് ക്യാമ്പയിനെക്കുറിച്ചും ചർച്ച ചെയ്തു.

ഫിസിക്സിൽ ഡോക്ടറേറ്റ് നേടിയ ശാഖാംഗം ചിറ്റിലപ്പിള്ളി പുതുമന ഇല്ലത്ത് കൃഷ്ണൻ കുട്ടി ഇളയതിന്റെ മകൾ രശ്മി കൃഷ്ണൻ കുട്ടിയേയും, സംസ്ഥാന നാടക മത്സരത്തിൽ സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടിയ അടാട്ട് കാരിക്കോട്ട് ഇല്ലത്ത് അദ്വൈത് നാരായണനേയും യോഗം അഭിനന്ദിച്ചു. തുടർന്ന് നടന്ന ചർച്ചയ്ക്കു ശേഷം തീരുമാനങ്ങൾ ക്രോഡീകരിച്ചു . വനിതാ സമാജം പ്രവർത്തനങ്ങളെ കുറിച്ച് സമാജം സെക്രട്ടറി ഗീത.എസ്.ഇളയത് വിശദീകരിച്ചു. ശാഖാ ജോയിൻറ് സെക്രട്ടറി ശ്രീമതി ശ്രീജ പരമേശ്വരൻ സദസ്സിന് നന്ദി പറഞ്ഞു.

## വളകിലുക്കം

മാമകാത്മാവിൽ പ്രതിധ്വനിച്ചീടുന്നു
മാദകമേതോ വളകിലുക്കം
ഭൂവിലനാദ്യന്തമായി മുഴങ്ങുന്ന
ജീവിതത്തിന്റെ വളകിലുക്കം;
ഓതുന്നിതോരോ കിലുക്കവുമെന്നോടു
വേദനയെന്ന മഹാചരിത്രം

*അക്കിത്തം,*
*(വളകിലുക്കം*
*തെരഞ്ഞെടുത്ത കവിതകൾ)*

### ഓച്ചിറ ശാഖ


എം.ബി.എസ്. ഓച്ചിറ ശാഖയുടെ വാർഷികാഘോഷ പരിപാടി 20-10-2019ന് രാവിലെ 9.30ന് ശാഖാ പ്രസിഡന്റ് കൈപ്പുഴ ഇല്ലത്ത് ബ്രഹ്മശ്രീ പ്രൊഫ. നീലകണ്ഠൻ നമ്പൂതിരി പതാക ഉയർത്തിയതോടുകൂടി സമാരംഭിച്ചു. സഹസ്രനാമജപത്തിനും നാരായണീയ പാരായണത്തിനും ശേഷം ആഘോഷപരിപാടികൾ ആരംഭിച്ചു. സമാജാംഗങ്ങളായ ദീപ്ത എം. നമ്പൂതിരി, നന്ദിനി, ഉണ്ണിമായ, ദേവിമായ എന്നീ ബാലികമാരുടെ നൃത്തനൃത്യങ്ങളും ഉണ്ടായിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം രണ്ടുമണിക്ക് പൊതുസമ്മേളനം ആരംഭിച്ചു. ശാഖാപ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനത്തിൽ കേന്ദ്രപ്രസിഡന്റ് ബ്രഹ്മശ്രീ നാരായണ ശർമ്മ ഉദ്ഘാടകനായിരുന്നു. കേന്ദ്രവൈസ് പ്രസിഡന്റ് ബ്രഹ്മശ്രീ പ്രൊഫ. ബാലചന്ദ്രശർമ്മ മുഖ്യപ്രഭാഷണം നടത്തി. നാരായണൻ നമ്പൂതിരി താമരയില്ലം, ബാലകൃഷ്ണൻ നമ്പൂതിരി തോട്ടത്തിൽ ഇല്ലം, ഹർഷൻ നമ്പൂതിരി, റ്റി.ജെ.ഗോവിന്ദര് എന്നിവർ പ്രസംഗിച്ചു. ബ്രഹ്മശ്രീ കൊടുവള്ളി നാരായണൻ നമ്പൂതിരി സമ്മാനദാനം നിർവ്വഹിച്ചു. ശാഖാ സെക്രട്ടറിയുടെ കൃതജ്ഞതയ്ക്ക് ശേഷം വൈകിട്ട് നാല് മണിക്ക് യോഗം പര്യവസാനിച്ചു.

### വൈക്കം ശാഖ

മലയാള ബ്രാഹ്മണ സമാജം വൈക്കം ശാഖയുടെ നവംബർ മാസ യോഗം വൈക്കം പാലം കടവിൽ തുറവലൂർ ഇല്ലത്ത് ഗോവിന്ദൻ ഇളയതിന്റെ വസതിയിൽ വച്ചു നടന്നു. ശാഖാ പ്രസിഡണ്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിക്കുകയും തുടർന്ന് 'കൈത്തിരി' എന്ന പേരിൽ നടത്തുന്ന പ്രഭാഷണ പരമ്പരയിൽ ബ്രാഹ്മണ്യം എന്ന വിഷയത്തിൽ കൈനിക്കര ഇല്ലത്ത് ദാമോദര ശർമ്മ പ്രഭാഷണം നടത്തുകയുമുണ്ടായി. എം ജി യൂണിവേഴ്സിറ്റിയിൽ നിന്ന് രസതന്ത്രത്തിൽ ജഠറ കരസ്ഥമാക്കിയ ഇടമന ഇല്ലത്ത് അപർണ്ണയെ കോട്ടയം ജില്ലാ ജോയിന്റ് സെക്രട്ടറി ശ്രീകാന്ത് ശ്രീലകം വൈക്കം ശാഖയ്ക്ക് വേണ്ടി മെമെന്റോ നൽകി ആദരിക്കുകയും അനുമോദിക്കുകയും ചെയ്തു.

## നാരായണീയ ദിനം





എം.ബി.എസ്.കേന്ദ്രസമിതിയുടെയും ആണ്ടൂർ നാരായണീയ പാരായണസമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ ആണ്ടൂർ മഹാദേവ ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് 2019 ഡിസംബർ 14-ാം തീയതി നാരായണീയ ദിനം സമുചിതമായി ആഘോഷിച്ചു.



ജ്ഞാനനശ്വരം, സൃഷ്ടിസ്ഥിതി സംഹാരങ്ങളെൻ
ഗാനത്തിൻ ക്രമീകൃത ഗതിഭേദങ്ങൾ മാത്രം

### മുഖചിത്രം

ഈ വർഷത്തെ ധനുമാസതിരുവാതിര ഉറക്കമൊഴിപ്പ് ജനുവരി ഒൻപതാം തീയതിയാണ്. എട്ടങ്ങാടി നിവേദ്യം എട്ടാം തീയതിയും.

ഇല്ലങ്ങളുടെ വിശാലമായ മുറ്റങ്ങളിൽ നിന്നും പല കാരണങ്ങളാൽ കാലം ഏറെക്കുറെ അടർത്തിമാറ്റിയ കലയാണ് തിരുവാതിരകളി.അൻപതുവയസ്സിലേറെ പ്രായമുള്ളവർക്കറിയാം ധനുമാസത്തിലെ തിരുവാതിര നാളിൽ പൂർണചന്ദ്രന്റെ നിറസാന്നിദ്ധ്യത്തിൽ കുളിർനിലവിന്റെ രജത ശോഭയിൽ ഇല്ലങ്ങളുടെ മഞ്ഞണിഞ്ഞ പൂർവ്വാങ്കണത്തിലെ അതിരോത്സവത്തിന്റെ ആനന്ദാനുഭൂതികൾ. ബന്ധുക്കളും ജാതിവ്യത്യാസങ്ങൾക്കതീതരായി അയൽപക്കത്തുള്ള സ്ത്രീകളും ചേർന്ന് ഈ ആഘോഷരാവിനെ കൈകൊട്ടിക്കളിയും പാതിരാപ്പൂവ് ചൂടലും ഒക്കെയായി സജീവമാക്കിയിരുന്നു .

സംഘം ചേരുന്നതിനും ഒരുമിച്ച് ആഹ്ലാദിച്ചാഘോഷിക്കുന്നതിനും ഉള്ള രസം സമൂഹമനസ്സിനു നഷ്ടപ്പെട്ടപ്പോൾ അയൽപക്ക ബന്ധങ്ങളെ ഊഷ്മളമാക്കിയിരുന്ന ഇത്തരം കൂടിച്ചേരലുകളും സാവധാനം ഇല്ലാതെയായിക്കൊണ്ടിരിക്കുന്നു. കഷ്ടപ്പെട്ട് ഉറക്കമിളയ്ക്കാനുള്ള സന്നദ്ധത ഏതു നെടുമംഗല്യം നേടാനാണെങ്കിലും പുതിയ തലമുറയ്ക്ക് ഇല്ലാതായതും ഈ ആചാരശോഷണത്തിനു കാരണമായിട്ടുണ്ടാകാം. ചിലയിടങ്ങളിലെങ്കിലും ചടങ്ങുകൾ മാത്രമായിട്ടാണെങ്കിലും ഇന്നും ഇത്തരം സാമൂഹ്യോത്സവങ്ങൾ നിലനിൽക്കുന്നുണ്ട് എന്നതാണ് അല്പം ആശ്വാസം. ഐതിഹ്യമെന്തുമാവട്ടെ, ഈ വിധത്തിൽ സ്ത്രീകളെ ഒരുമിപ്പിക്കുന്ന ഉത്സവങ്ങളെ ഉചിതമായ ഋതുസന്ധിയിൽ ദൈവികതയുടെ പരിവേഷത്തോടെ വിഭാവനം ചെയ്ത് ആചാരാനുഷ്ഠാനങ്ങളോടെ സമഷ്ടിയുടെ ആഘോഷമാക്കി മാറ്റി തലമുറകൾക്കു കൈമാറിയ പൂർവ്വസൂരികളുടെ ദീർഘവീക്ഷണത്തിനു മുന്നിൽ നമസ്കരിക്കുക തന്നെ വേണം.

ഇന– അൽപമെങ്കിലും ബാക്കിയുള്ള ഇത്തരം സാംസ്കാരികത്തനിമകളെ നാം നിലനിർത്തുകയും പൂർണമായി ആസ്വദിക്കുകയും വേണം .

അഷ്ടൈശ്വര്യ സിദ്ധിയ്ക്കും നെടുമംഗല്യത്തിനുമായി സ്ത്രീകൾ തിരുവാതിര നാളിൽ ദശപുഷ്പങ്ങൾ ചൂടാറുണ്ട് . ദശപുഷ്പം ചൂടി ഒരുമിച്ചു പാട്ടും കളികളുമായി പാതിരാപ്പൂവ് ( ചെത്തിക്കൊടുവേലി ) പറിച്ചുകൊണ്ടുവന്നു ചൂടുക എന്നൊരു ചടങ്ങും ഇതിന്റെ ഭാഗമാണ്.

**ചൂടാൻ തയ്യാറാക്കിയ ഈ ദശപുഷ്പങ്ങളുടെയും ചടങ്ങുകളുടെയും ചിത്രങ്ങൾ പകർത്തിയത് അണ്ടൂർ ഏറത്തുരുത്തിൽ ഇല്ലത്തു ശ്രീജാ ഗോപകുമാർ**
**രൂപകൽപന : സെൻ    മുഖചിത്രം ഫോട്ടോ : അരവിന്ദ് ശർമ്മ, താന്നിയില്ലം**

### ദശപുഷ്പങ്ങൾ

മംഗളകരമായ പത്തു പുഷ്പങ്ങൾ. കറുക,ചെറൂള, പൂവാംകുരുന്നില്ല, വിഷ്ണു(കൃഷ്ണ) ക്രാന്തി, നിലപ്പന, മുക്കൂറ്റി, മുയൽച്ചെവി, കൈയ്യുണ്യം, ഉഴിഞ്ഞ, തിരുതാളി എന്നിവയാണ് പത്തുപുഷ്പങ്ങൾ. സുമംഗലികൾ ദശപുഷ്പങ്ങൾ ചൂടിയാൽ നെടു മാം ഗ ല്യം ഉണ്ടാകുമെന്നാണ് വിശ്വാസം. ഇല്ലങ്ങളിൽ പാടാറുള്ള ഒരു തിരുവാതിരപ്പാട്ടിൽ ദശപുഷ്പങ്ങളിൽ ഓരോന്നിനുമുള്ള അധിദേവതയെക്കുറിച്ചും ഓരോ പൂക്കളും ചൂടിയാലുള്ള ഫലത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു.

| | | |
|---|---|---|
| കറുക | ആദിത്യൻ | ആധിവ്യാധിനാശം |
| വിഷ്ണുക്രാന്തി | ശ്രീകൃഷ്ണൻ | വൈഷ്ണവപദപ്രാപ്തി |
| തിരുതാളി | ലക്ഷ്മി | ഐശ്വര്യം |
| പൂവാംകുരുന്നില | ബ്രഹ്മാവ് | ദാരിദ്രനാശം |
| കൈയ്യുണ്യം | ശിവൻ | പഞ്ചപാപനാശം |
| മുക്കൂറ്റി | പാർവതി | ഭർതൃസുഖം പുത്രസമ്പത്ത് |
| നിലപ്പന | ഭൂമിദേവി | ഇഷ്ടസിദ്ധി |
| ചെറൂള | യമൻ | ദീർഘായുസ്സ് |
| മുയൽച്ചെവി | കാമദേവൻ | മംഗല്യം |
| ഉഴിഞ്ഞ | ഇന്ദ്രൻ | ദുഖനാശം |

വിവരങ്ങൾക്ക് കടപ്പാട്: ഹിന്ദു എൻസൈക്ലോപീഡിയ

## ബ്രഹ്മശ്രീ പരസ്യ നിരക്കുകൾ

| **COLOUR** | |
|---|---|
| Back cover | 5000 |
| Front & back inner | 3000 |
| Full page | 2500 |
| Half page | 1250 |
| 1/3rd Page | 800 |
| 1/4th Pagee | 600 |

| **BLACK & WHITE** | |
|---|---|
| Full page | 1500 |
| Half page | 750 |
| Horoscope | 500 |
| ആദരാഞ്ജലി | 500 |
| സ്മരണാഞ്ജലി | 500 |
| 1/6th page (classifieds) | 400 |

ബ്രഹ്മശ്രീയ്ക്ക് നൽകുന്ന പരസ്യം, സമാജത്തിന്റെ മുഖപത്രത്തിനു നിങ്ങളുടെ സാമ്പത്തികസഹായവുമാണ് എന്നോർക്കുക.

വിവാഹപരസ്യം നൽകുന്നവർ കല്യാണക്കുറിയുടെ കോപ്പി അയയ്ക്കുന്നതിനു പകരം ഫോട്ടോയോടൊപ്പം നൽകേണ്ട മാറ്റർ ടൈപ്പ് ചെയ്ത് അയച്ചാൽ ഉത്തമമായിരിക്കും. തെറ്റുകൾ ഒഴിവാക്കാൻ ഇത് ഏറെ സഹായകരമാകും.

പരസ്യങ്ങൾ അയക്കുന്നവർ ബന്ധപ്പെടാനുള്ള ഫോൺ നമ്പർ നിർബന്ധമായും ചേർത്തിരിക്കണം.

പരസ്യത്തിന്റെ തുക ഒരു ഓർമ്മപ്പെടുത്തൽ വേണ്ടിവരുന്നതിനു മുൻപായിത്തന്നെ മൂന്നാം പേജിൽ കൊടുത്തിരിക്കുന്ന അക്കൗണ്ട് നമ്പറിലേക്ക് അയക്കണം എന്ന് വിനീതമായി ഓർമിപ്പിക്കട്ടെ.

ബ്രഹ്മശ്രീയുടെ അണിയറയിൽ പ്രവർത്തിക്കുന്നവർ എല്ലാവരും സമാജത്തിന്റെ സംഘടനാപ്രവർത്തനം പോലെ തന്നെ സ്വയം സേവകരായി പ്രവർത്തിക്കുന്നവരാണ് . അതുകൊണ്ട് അവരുടെ ജോലിഭാരം ലഘൂകരിക്കാൻ സഹകരിക്കുക.




2019 നവംബർ 26 ന് സപ്തതി ആഘോഷിച്ച
ഗുരുവായൂർ കിഴക്കേടത്ത് ഇല്ലത്ത്
ശ്രീ .രാമകഷ്ണൻ ഇളയതും കുടുംബാംഗങ്ങളും....

BRAHMASREE BIMONTHLY REG NO. M2-20225/2003



ലക്ഷങ്ങളിൽ നിന്നു
തെരഞ്ഞെടുക്കാം ഉത്തമ
ജീവിത പങ്കാളിയെ

Register free

ACCESSIBLE
ACROSS DEVICES | APPS

മലയാള മനോരമ
m4marry.com

Kottayam : 04812561735 (24x7), Kannur : 04972766123, Calicut : 04952761976, Malappuram : 0483 2900746, Thrissur : 0487 2444649, Palakkad : 0491 2504744, Cochin : 0484 2316282, Pathanamthitta : 0468 2271762, Kollam : 0474 2740938, Trivandrum : 0471 2325653, Alappuzha : 0477 2240510, Attingal : 9074556553, Karunagappally : 9074556542, Kottarakara : 9074556548, Cherthala : 9074556546, Mavelikara : 9074556558, Adoor : 9074556554, Thiruvalla :6282900684, Pala : 9074556545,Thodupuzha : 9074556541, North Paravur : 9074556557, Thripunithura : 6282900685, Muvattupuzha : 9074556552, Chalakudy : 9074556547, Ottapalam : 9074556551, Mannarcad : 9074556550, Mancheri : 9074556560, Vadakara : 9074556549, Thalassery : 9074556559, Kasargod : 6282900687, Nilambur :6282900688

കേരളത്തിലെ No. 1 വിവാഹ വെബ്സൈറ്റ്

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)